## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 33 ലക്കം പള്ളിക്കൂദാശ ഒക്ടോബർ 2015 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

# പിതൃമൊഴി



ദൈവദാസൻ ബിഷപ് വില്യം ജകീന്താ

എവിടെ സഹോദരങ്ങളുടെ നേർക്കു
യഥാർത്ഥമായ സ്നേഹം ഉണ്ടോ
അവിടെ വ്യക്തിമാഹാത്മ്യ വാദമോ
തന്നെക്കുറിച്ചുതന്നെയുള്ള
അമിതമായ മതിപ്പോ മറ്റുള്ളവരിൽ
കുറ്റം ആരോപിക്കലോ
വിധിക്കലോ, അവജ്ഞ കാണിക്കലോ
ഒന്നും ഉണ്ടാവുകയില്ല.

പരസ്നേഹക്കുറവിന്റെ യഥാർത്ഥവേര്
സ്ഥിതിചെയ്യുന്നത്, നമ്മുടെ സ്വാർത്ഥതയെ
അതിജീവിക്കാനാവാത്ത അവസ്ഥയിലാണ്.

ദൈവത്തെയും സഹോദരങ്ങളെയും
പരമാവധിസ്നേഹിക്കുക
എന്നതാണ് ആദ്ധ്യാത്മിക സാഹോദര്യം.

ദൈവത്തിൽ നിന്നും
മനുഷ്യനിലേക്കു പ്രവഹിക്കുന്ന
യഥാർത്ഥവും എന്നാൽ
കാണപ്പെടാത്തതുമായ
ഒരു ശക്തിയാണ്
ദൈവകൃപയുടെ ശക്തി.

മാവിനെ പുളിപ്പിക്കുന്ന പുളിമാവായും
രുചി പകരുന്ന ഉപ്പായും
തീരുമ്പോഴാണ് പുതുജീവിതത്തിന്റെ
ഫലങ്ങൾ പുറപ്പെടുവിക്കുന്ന
വിശുദ്ധിയുടെയും
സാഹോദര്യത്തിന്റെയും
വിത്തുകളാകാൻ
നമുക്കു സാധിക്കുക.



# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 33 പള്ളിക്കൂദാശ ലക്കം ഒക്ടോബർ 2015

"ഇതാണ് ദൈവഹിതം, നിങ്ങളുടെ
വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തൂപുരയിടം എ.ഒ.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് എ.ഒ.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അനു കുരിശുംമൂട്ടിൽ എ.ഒ.
ജിസ കൂട്ടിയാനിക്കൽ എ.ഒ.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
പ്രിൻസി മൈലാടിയിൽ എ.ഒ.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
ഷീലമ്മ പൂതക്കുഴി എ.ഒ.

കവർ ഡിസൈനിംഗ് & ലേഔട്ട്
ഡോളി കണ്ടച്ചാലിൽ എ.ഒ.

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

പ്രൊസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ.
കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com

## ഉള്ളടക്കം

- അവൻ അവളെ കണ്ടിരുന്നു 05
- ശുശ്രൂഷാപരമായ സ്നേഹം 07
- വലിച്ചെറിയൽ സംസ്കാരത്തെ.... 10
- ഘർ വാപസി 12
- ദൈവപാതയിൽ ചരിക്കുക 14
- തോബിയാസിൻ വിവാഹരാത്രി 17
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- Through the Door of Mercy 20
- വിശുദ്ധരോടൊപ്പം 22
- സമർപ്പിതവർഷം 24
- ദൈവം എവിടെ? 25
- സെനക്കിൾ തരംഗം 27
- 'മെനു'വിന്റെ ലിസ്റ്റ് 28
- സമാധാനമല്ല, വാൾ.... 30
- പന്ത്രണ്ട് 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 33
- വിചാരണ 34

എഡിറ്റോറിയൽ

# തിരുസഭ രക്ഷാപേടകം

ആരാധനാവത്സരത്തിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. തന്റെ മണവാട്ടിയായ സഭയെ പിതാവിന്റെ മുമ്പിൽ മിശിഹാ സമർപ്പിക്കുന്നതും സ്വർഗീയ മഹത്ത്വവുമൊക്കെയാണ് ഈ കാലഘട്ടത്തിൽ ധ്യാനവിഷയമാക്കുന്നത്.

നമ്മുടെ ജീവിതയാത്ര ദൈവത്തിലാണ് ആരംഭിച്ചത്. ഈ യാത്ര അവസാനിക്കേണ്ടതും ദൈവത്തിലാണല്ലോ. എന്നാൽ ഇതിനിടയിലുള്ള ഈലോകജീവിതയാത്രയാണ് നമ്മുടെ അന്ത്യവിധിക്ക് മാനദണ്ഡമാകുന്നത്. യാത്രയിൽ വഴിതെറ്റിയാൽ സ്വർഗമാകുന്ന നമ്മുടെ അന്തിമ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനാവില്ല.

ദൈവത്തിന്റെ അനന്തമായ കരുണയാൽ അവിടുന്ന് നമുക്ക് സ്വർഗത്തിലേക്കുള്ള വഴി കാണിച്ചുതന്നിട്ടുണ്ട്. "ഞാൻ വഴിയും സത്യവും ജീവനുമാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6) എന്നരുളിച്ചെയ്ത ഈശോ ഇന്ന് സജീവമായി വസിക്കുന്നത് തിരുസഭയിലാണ്. ശിരസ്സായ മിശിഹായുടെ ശരീരമാണല്ലോ സഭ (എഫേ 5,23; കൊളോ 1,18). തിരുസഭയെ രക്ഷാപേടകമായാണ് സഭാപിതാക്കന്മാർ ചിത്രീകരിച്ചിരിക്കുന്നത്. രക്ഷാപേടകമായ സഭയിൽ ദൈവഹിതാനുസൃതം ജീവിച്ചാൽ നമ്മുടെ സ്വർഗപ്രവേശനം സാധ്യമാകും.

സഭ നമ്മുടെ അമ്മയാണ്. ഈലോകജീവിതയാത്രയിൽ മക്കൾക്കാവശ്യമായവയെല്ലാം നല്കുന്ന അമ്മ. ജനനം മുതൽ മരണംവരെ ഒരുവനാവശ്യമായതെല്ലാം തിരുവചനത്തിലൂടെയും കൂദാശകളിലൂടെയും പ്രാർത്ഥനകളിലൂടെയും സഭ നല്കുന്നുണ്ട്. സഭ ദൈവത്തിന്റേതാകയാൽ അവൾ പരിശുദ്ധയാണ്. എന്നാൽ സഭാംഗങ്ങൾ ബലഹീനരാകയാൽ അവൾ പാപിയുമാണ് എന്ന് സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ട്. മിശിഹായുടെ ശരീരമാകുന്ന സഭയുടെ പരിശുദ്ധിക്കനുസൃതമായി ജീവിക്കുവാൻ സഭാമക്കളായ നാം നിരന്തരം പരിശ്രമിക്കണം. സഭയെ വിമർശിക്കുന്നവരും സ്വാർത്ഥതാല്പര്യങ്ങൾക്കായി സഭയെ ഉപേക്ഷിക്കുന്നവരും തെറ്റായ പാതയിലൂടെയാണ് ചരിക്കുന്നതെന്ന സത്യം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഒന്നുറപ്പാണ് – സഭാനൗകയിലെ ജീവിതയാത്ര നമ്മെ തീർച്ചയായും സ്വർഗതീരത്തെത്തിക്കും.

**ചീഫ് എഡിറ്റർ**





# അവൻ അവളെ കണ്ടിരുന്നു

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

നേർത്ത ശിരോവസ്ത്രം കൊണ്ട് ശിരസ്സു മൂടി ആരുടെയും കണ്ണിൽ പെടാതെ അവൾ നിന്നു. ആരുടെയും ശ്രദ്ധയിൽ പെടാതിരിക്കാൻ ഒരു വലിയ തുണി അവൾ മറയാക്കി. ഹൃദയത്തിൽ അണകെട്ടി വച്ചിരുന്നതെല്ലാം ഒരുരുൾപൊട്ടൽ പോലെ കണ്ണുനീരായി ഒഴുകി. ചെറുപ്രായത്തിൽ ഏറ്റെടുക്കേണ്ടിവന്ന വൈധവ്യത്തിന്റെയും ഇല്ലാതെപോയ മാതൃത്വത്തിന്റെയും ഓർമ്മകൾ തീക്കനലുകൾപോലെ അവളുടെ ഹൃദയത്തെ പൊള്ളിച്ചു. സമൂഹത്തിന്റെ തിരസ്കരണവും ദാരിദ്ര്യത്തിന്റെ അല്ലലും സഹനത്തിന്റെ രൂപത്തിൽ വിടാതെ പിൻതുടരുന്നത് അവൾ അറിഞ്ഞു.

മടിശീലയിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന, രണ്ടു ചെമ്പുതുട്ടുകൾ കൈയിലെടുത്ത് മുറുകെ പിടിച്ച് അവൾ ചുറ്റും നോക്കി. ഭണ്ഡാരത്തിനരികെ പ്രമാണിമാരുടെ തിക്കും

തിരക്കും, ആരും തന്നെ ശ്രദ്ധിക്കുന്നില്ല എന്നുറപ്പുവരുത്തി ജനങ്ങൾക്കിടയിലൂടെ അവൾ ഭണ്ഡാരത്തിനരികെയെത്തി, ആകെയുള്ള തന്റെ സമ്പാദ്യത്തിലേക്ക് ഒന്നുകൂടി അവൾ നോക്കി. അതുമുഴുവൻ അതിനുള്ളിലേക്ക് ഇട്ട്, ആരും തന്നെ കണ്ടില്ല എന്ന വിശ്വാസത്തിൽ അവൾ പുറത്തേക്ക് പോയി.

എന്നാൽ കാണേണ്ടവൻ അവളെ കണ്ടിരുന്നു. നിസ്സാരതയുടെയും ദാരിദ്ര്യത്തിന്റെയും കണ്ണീരിന്റെ ഫലമായ ആ ചെറുതുട്ടുകൾക്ക് അവൻ നൽകിയ വില അളക്കാനാവാത്തതായിരുന്നു. ധനികരുടെ സ്വർണ്ണനാണയങ്ങൾക്ക് അവൻ 'സംഭാവന'യുടെ വില നല്കിയപ്പോൾ വിധവയുടെ കാണിക്കയെ അവൻ 'നിക്ഷേപമെന്നത്രേ വിശേഷിപ്പിച്ചത്' (മർക്കോ 12, 44). അവൾ തന്റെ സമൃദ്ധിയിൽ നിന്നല്ല, മറിച്ച് തന്റെ ദാരിദ്ര്യത്തിൽ നിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചു എന്ന് അവൻ കണ്ടു. അതുകൊണ്ടായിരിക്കാം അടിക്കടി വർദ്ധിച്ചുവരുന്ന 'നിക്ഷേപ'ത്തിന്റെ വില അവിടുന്ന് അതിനു നല്കിയതും.

ഈ പള്ളിക്കൂദാശാക്കാലത്തിൽ നാഥൻ തന്റെ പ്രിയ മണവാട്ടിയായ സഭയെ കറയും ചുളിവും ഇല്ലാത്തവളായി, തന്റെ തിരുരക്തത്താൽ കഴുകി, ദൈവപിതാവിനു സമർപ്പിക്കുന്ന മനോഹരചിന്തകളുടെ ധ്യാനത്തിലൂടെ നാം കടന്നുപോകുന്നു. സഭ എന്നു പറയുമ്പോൾ സഭാതനയരായ നാമോരുത്തരുമാണ്. നമ്മുടെ ഓരോരുത്തരുടെയും പരിശുദ്ധമായ ഹൃദയത്തെ അവിടുന്ന് ആഗ്രഹിക്കുന്നു. അത് ബാഹ്യമായ വിശ്വാസപ്രകടനങ്ങളിലല്ല, ദീർഘമായർപ്പിക്കുന്ന പ്രാർത്ഥനകളിലോ നേർച്ച കാഴ്ചകളിലോ അല്ല, മറിച്ച് നമ്മുടെ ഹൃദയത്തിന്റെ സമർപ്പണത്തിലാണ്. ഹൃദയം കാണുന്നവനാണ് അവിടുന്ന്. നാമെന്തായിരിക്കുന്നുവോ അത് വിശ്വാസപൂർവ്വം, അവിടുത്തേക്ക് സമർപ്പിക്കുക. പാവപ്പെട്ട വിധവയുടെ കണ്ണീരിനും, അവളുടെ നെടുവീർപ്പുകൾക്കും, വില കുറഞ്ഞ ചെമ്പുതുട്ടുകൾക്കും അവിടുന്ന് നല്കിയ വില വലുതായിരുന്നു. കുറച്ചുകൂടി ലാളിത്യമുള്ളവരാകാം നമുക്ക്. നമ്മുടെ കഴിവുകൾക്കും അഹന്തയ്ക്കും സമൃദ്ധിക്കും ഒക്കെ പിറകിൽ ഒരു നിസ്സാരതയുണ്ടെന്ന തിരിച്ചറിവ്. അതാണ് അവിടുത്തേക്ക് വേണ്ടിയതും. ഈ പള്ളികൂദാശാക്കാലത്തിൽ നമുക്കും ദരിദ്രയായ വിധവയെപ്പോലെ ഉള്ളതു മുഴുവനും സമർപ്പിക്കാം. അവൻ നമ്മെ കാണും.....തീർച്ച.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകവീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.





**സെനക്കിൾ ആദ്ധ്യാത്മികത - 30**



# ശുശ്രൂഷാപരമായ സ്നേഹം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹത്തിന്റെ 'മാക്സിമലിസം' നാം ആദ്യം സെനക്കിളിൽ കണ്ടുമുട്ടുന്നത് പാദം കഴുകലിലാണ്: "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. ... അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കിമാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം,

ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (യോഹ 13,1-5). പ്രത്യക്ഷത്തിൽ യുക്തിരഹിതമായ ഒരു പ്രവൃത്തിയാണ് ഇത്. ഗുരുവും കർത്താവുമായവൻ ശിഷ്യരുടെ പാദങ്ങൾ കഴുകുന്നു. എന്നാൽ, ഇത് വലിയ ഒരു രഹസ്യത്തെ സൂചിപ്പിക്കുന്നു - യഹോവയുടെ ദാസനായ മിശിഹായുടെ രഹസ്യം (ഏശ 52,13-53,12). ദൈവപുത്രനായ മിശിഹാ മനുഷ്യരായ ശ്ലീഹന്മാരുടെ മുമ്പിൽ ദാസന്റെ സ്ഥാനം സ്വീകരിക്കുന്നു. ചെറുത്തുനില്ക്കുന്ന പത്രോസിനെ തന്റെ പ്രവൃത്തിയുടെ ആഴമേറിയ അർത്ഥം ഗ്രഹിക്കുവാൻ അവിടുന്നു നിർബന്ധിക്കുന്നു (യോഹ 13,6-8). തീർച്ചയായും ഇവിടെ ശിഷ്യർ മനസ്സിലാക്കേണ്ട ഒരു രഹസ്യമുണ്ട് - ദാസ്യത്തിന്റെയും ശുശ്രൂഷയുടെയും സ്നേഹം. പിന്നീട് ഈശോ അത് വ്യക്തമാക്കുന്നുണ്ട്: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.

**ഈശോ ജീവിതത്തിൽ പ്രാവർത്തികമാക്കിയ സ്നേഹം**

ഈശോയുടെ ജീവിതംതന്നെ മനുഷ്യർക്കുവേണ്ടിയുള്ള ദാസ്യത്തിന്റെയും ശുശ്രൂഷയുടെയും ജീവിതമായിരുന്നു. സത്രങ്ങൾ മനുഷ്യരെക്കൊണ്ടു നിറഞ്ഞ പശ്ചാത്തലത്തിൽ അവിടുന്ന് ഒരു കാലിത്തൊഴുത്തിൽ പിറക്കുന്നു (ലൂക്കാ 2,7). തൊഴിലാളിയായ അപ്പനും അമ്മയ്ക്കും ശുശ്രൂഷചെയ്തുകൊണ്ട് ഒരു ദരിദ്രഭവനത്തിൽ അവിടുന്ന് വളരുന്നു. മാതാപിതാക്കന്മാരെ അനുനിമിഷം അനുസരിച്ചുകൊണ്ട് മുപ്പതുവർഷക്കാലം സ്വഭവനത്തിൽ ജീവിക്കുന്നു (ലൂക്കാ 2,51-52). കുറുനരികൾക്കു മാളങ്ങളും പക്ഷികൾക്കു കൂടുകളും ഉണ്ടായിരിക്കെ, തലചായ്ക്കുവാൻ ഇടമില്ലാതെ അവിടുന്ന് തന്റെ പരസ്യജീവിതം ചെലവഴിക്കുന്നു. രോഗികൾക്കും പീഡിതർക്കും സൗഖ്യവും ആശ്വാസവും പകർന്നു നല്കിക്കൊണ്ട് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഈശോ ചുറ്റിസഞ്ചരിക്കുന്നു. പാപികളെയും സമൂഹത്താൽ ഭ്രഷ്ട് കല്പിക്കപ്പെട്ട് പുറത്താക്കപ്പെട്ടവരെയും സ്നേഹസ്പർശം നല്കി അവിടുന്ന് ആശ്വസിപ്പിക്കുന്നു. അവസാനം മൂന്നാണികളിൽ കുരിശിൽ തറയ്ക്കപ്പെട്ട് ദാരുണമായി മരിക്കുന്നു. തനിക്കായി ഒന്നും സൂക്ഷിക്കാത്ത, സ്നേഹത്തെപ്രതി എല്ലാവർക്കുമായി സ്വയം നല്കുന്ന, ഒരു മനുഷ്യജീവിതം. ഇതാണ് ഈശോ സെനക്കിളിൽ ശിഷ്യന്മാർക്കു നല്കുന്ന സ്നേഹദാസ്യത്തിന്റെയും ശുശ്രൂഷയുടെയും പാഠം.

**സഭ: സ്നേഹശുശ്രൂഷ നിർവഹിക്കേണ്ട സമൂഹം**


സെനക്കിളിൽ ശിഷ്യന്മാർ ഈശോ സ്ഥാപിച്ച സഭയെയാണ് പ്രതിനിധീകരിക്കുന്നത്. ശ്ലീഹന്മാരാണല്ലോ സഭയുടെ അടിസ്ഥാനം (എഫേ 2,20). സെനക്കിളിൽ ശ്ലീഹന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഈശോ സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു: "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹ 17,20). സ്നേഹശുശ്രൂഷയുടെ ഈ പാഠം സഭയ്ക്കു മുഴുവനുമായിട്ടാണ് ഈശോ നല്കുന്നത്. മനുഷ്യകുലം മുഴുവനെയും ശുശ്രൂഷിക്കുവാൻ പിതാവിനാൽ നിശ്ചയിക്കപ്പെട്ടവളും പരിശുദ്ധാത്മാവിന്റെ സ്നേഹാഗ്നിയാൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവളുമാണ് താൻ എന്ന കാര്യം സഭ ഒരിക്കലും മറക്കരുത്. "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35) എന്ന് ഈശോതന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ. അവിടുന്ന് എല്ലാവരുടെയും ശുശ്രൂഷകനായി. ചിന്നിച്ചിതറിക്കിടക്കുന്ന ദൈവമക്കളായ മനുഷ്യരെയെല്ലാം ഒന്നിപ്പിക്കുന്നതിനായിട്ടാണ് ഈശോ തന്റെ ജീവൻ അർപ്പിച്ചത്. അതുകൊണ്ട് ലോകം മുഴുവനിലുമായി ചിതറിക്കപ്പെട്ടു കിടക്കുന്ന ദൈവമക്കൾക്ക് സ്നേഹശുശ്രൂഷ ചെയ്യുവാനുള്ള അവളുടെ ദൗത്യം സഭ ഒരിക്കലും മറക്കരുത്. ലോകത്തിന്റെ ശുശ്രൂഷകയാകാൻ വിളിക്കപ്പെട്ടവളും അയയ്ക്കപ്പെട്ടവളുമാണ് സഭ. സഭ അടിസ്ഥാനപരമായി ഒരു ശുശ്രൂഷാസമൂഹമാണ്.





**പുരോഹിതൻ: സ്നേഹശുശ്രൂഷകൻ**

ക്രിസ്തീയപൗരോഹിത്യം 'ശുശ്രൂഷാപൗരോഹിത്യം' എന്നാണ് അറിയപ്പെടുക. സഭയുടെ ശുശ്രൂഷാസ്വഭാവം അതിന്റെ പൂർണതയിൽ പ്രതിഫലിക്കേണ്ടത് സഭാനേതൃത്വം വഹിക്കുന്ന പുരോഹിതരിലാണ്. സഭയും സഭാശുശ്രൂഷകരും മനുഷ്യരുടെ സമൂഹമായതിനാൽ അധികാരത്തിന്റെ പ്രലോഭനത്തിന് വശംവദരാണ്. വിശുദ്ധമായ അധികാരം ആധിപത്യത്തിന്റെ ഉപകരണമാകാൻ സാധ്യതയുണ്ട്. സഭയുടെ ചരിത്രത്തിൽ തിന്മയുടേതായ ഇത്തരം നിരവധി സംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ട് വളരെ സൂക്ഷത്തോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ് സഭാശുശ്രൂഷയും പൗരോഹിത്യശുശ്രൂഷയും. സെബദീപുത്രന്മാർ അധികാരത്തിന്റെ പ്രലോഭനത്തിനു വിധേയരായപ്പോൾ ഈശോ അവരെ പഠിപ്പിച്ച ശുശ്രൂഷയുടെ പാഠം സഭാശുശ്രൂഷകരെല്ലാം അറിഞ്ഞിരിക്കണം: "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെതന്നെ" (മത്താ 20,27-28). നിത്യപുരോഹിതനായ ഈശോയുടെ ശുശ്രൂഷകവ്യക്തിത്വം സ്വന്തമാക്കിക്കൊണ്ടുവേണം പുരോഹിതൻ തന്റെ സഭാശുശ്രൂഷ നിർവഹിക്കുവാൻ. ഈശോയുടെ എളിമയും ശുശ്രൂഷയും ഒരു പുരോഹിതൻ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ, ആ പുരോഹിതനിൽ ദൈവജനം ഈശോയെത്തന്നെ കാണുകയും, അവിടുത്തെ ശുശ്രൂഷാപരമായ സ്നേഹത്തിൽ വളരുവാൻ അവർ പ്രചോദനമുൾക്കൊള്ളുകയും ചെയ്യും.

## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# വലിച്ചെറിയൽ സംസ്കാരത്തെ വലിച്ചെറിയുക

ഫാ.സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
റെക്ടർ, വിൻസെൻഷ്യൻ വിദ്യാഭവൻ, ആലുവ

മനുഷ്യന്റെ പൊതുഭവനമായ ഭൂമിയുടെ സുസ്ഥിതിയും ഭദ്രതയും മനോഹാരിതയും സംരക്ഷിക്കത്തക്കവിധത്തിൽ മനുഷ്യജീവിതരീതിയിൽ മാറ്റം വരുത്തണമെന്ന് Laudato Si (അങ്ങേക്കു സ്തുതിയായിരിക്കട്ടെ) എന്ന ചാക്രിക ലേഖനത്തിലൂടെ ഫ്രാൻസീസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു. പരിസ്ഥിതി സംരക്ഷണവും പ്രകൃതി പരിപാലനവും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെങ്കിലും അമിതോപയോഗം, ദുരുപയോഗം, അതിനുശേഷമുള്ള വലിച്ചെറിയൽ എന്നിവ മൂലം ഭൂമി ഇന്ന് വിരൂപമാക്കപ്പെട്ടിരിക്കുന്നു. അതിനാൽ നമ്മുടെ ഭൂമിക്കു സംഭവിക്കുന്ന വിനാശത്തെക്കുറിച്ച് വേദനാപൂർണവും ആത്മാർത്ഥവുമായ കരുതൽ ഉണ്ടായിരിക്കണമെന്ന് ഫ്രാൻസീസ് പാപ്പ സകലരോടും പ്രത്യേകം അഭ്യർത്ഥിക്കുന്നു (No.19).

മനുഷ്യകേന്ദ്രീകൃതമായ അമിത വളർച്ചയും പുരോഗതിയുമാണ് ആധുനികതയുടെ സവിശേഷത. ഇവിടെ ലാഭം വർദ്ധിപ്പിക്കുവാൻ എല്ലാവരും ശ്രമിക്കുന്നു. ലാഭം കൂട്ടാൻ വില്പന കൂട്ടണം. വില്പന കൂട്ടാൻ നടത്തുന്ന പലതരത്തിലുള്ള തന്ത്രങ്ങളും പ്രലോഭനങ്ങളും പരസ്യങ്ങളും മൂലം ഉപഭോക്താവ് ആവശ്യമുള്ളതും ഇല്ലാത്തതുമായ സാധനങ്ങൾ വാങ്ങിക്കൂട്ടുന്നു. അതിനൊക്കെ ധാരാളം പണം വേണം. തട്ടിപ്പും വെട്ടിപ്പും കുറ്റകൃത്യങ്ങളും അഴിമതികളും ഒക്കെ നടത്തിപ്പോലും പണസമ്പാദന മാർഗ്ഗങ്ങൾ മനുഷ്യൻ കണ്ടെത്തുന്നു. കണക്കില്ലാത്ത പാഴ്‌വസ്തുക്കൾ ഉല്പാദിപ്പിക്കപ്പെടുകയും പിന്നീട് ഉപയോഗിച്ചു തള്ളുകയും ചെയ്യുന്നു. ആർത്തിപൂണ്ട ലാഭക്കൊതിയും ഉപഭോഗവും നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ മാലിന്യങ്ങൾ കുന്നുകൂടുകയും പ്രകൃതിയുടെ പ്രതിജീവനത്തെ സാരമായി ബാധിക്കുന്ന സ്ഥിതിവിശേഷം സംജാതമാവുകയും ചെയ്യും.

നമുക്ക് ഉപയോഗമില്ലാത്തവയെ മാലിന്യങ്ങളാക്കി തരംതാഴ്ത്തുന്ന മനോഭാവം സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവരെയാണ് വേഗത്തിൽ ബാധിക്കുന്നത്. കുട്ടികളുടെ പീഡനം, വയോജനങ്ങളുടെ തിരസ്കരണം, മനുഷ്യക്കടത്ത്, കോഴപ്പണം, സംഘടിതകുറ്റകൃത്യം, മയക്കുമരുന്നു വ്യാപാരം, അജാതശിശുക്കളുടെ തിരസ്കരണം, വംശനാശം നേരിടുന്ന ജീവികളുടെ വ്യാപാരം എന്നിങ്ങനെയുള്ള തെറ്റായ പ്രവൃത്തികൾ മനുഷ്യജീവിതത്തെ മലീമസമാക്കുന്നു. ആവശ്യത്തിലധികം ഉപയോഗിക്കുവാനും ഉപയോഗിച്ചശേഷം വലിച്ചെറിയുവാനുമുള്ള ആപേക്ഷികതാ സംസ്കാരത്തിലെ ക്രമരാഹിത്യത്തിന്റെ പരിണിത ഫലങ്ങളാണിവയെല്ലാം.

വലിച്ചെറിയൽ സംസ്കാരത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശക്തമായ ഭാഷയിലാണ് മാർപാപ്പ ടീറ്റ് ചെയ്തിരിക്കുന്നത്. "വലിച്ചെറിയൽ സംസ്കാരത്തിന് അനേകം ദൂഷ്യഫലങ്ങളുണ്ട്. ഭക്ഷണം പാഴാക്കുന്നതുമുതൽ വൃദ്ധരെ ഏകാന്തരായി ഉപേക്ഷിക്കുന്നതുവരെ ഈ സംസ്കാരത്തിന്റെ അനന്തരഫലമാണ്." അതിനാൽ പൊതുനന്മയ്ക്കായി കരുതലോടെ പ്രവർത്തിക്കുവാൻ നമുക്കു കഴിയണം. അതിനായി സാഹോദര്യത്തിൽ അധിഷ്ഠിതമായ ജീവിത തിരഞ്ഞെടുപ്പുകൾ നടത്തുകയും പാവങ്ങളായ സഹോദരങ്ങളോട് പ്രത്യേക സ്നേഹവും പരിഗണനയും കാണിക്കുകയും ചെയ്യണം. " സുവിശേഷത്തിന്റെ ആനന്ദം" (Evangelii Gaudium) പഠിപ്പിക്കുന്നതുപോലെ, പാവപ്പെട്ടവരുടെ വലിയ മഹത്ത്വത്തെ വിലമതിക്കുകയും, അതു നേടിയെടുക്കുക നമ്മുടെ ധാർമിക കടമയാണെന്ന് തിരിച്ചറിയുകയും വേണം (LS No. 158).

വലിച്ചെറിയൽ സംസ്കാരത്തിന്റെ ദൂഷ്യഫലങ്ങളെ കുറയ്ക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ നാം കൂടുതലായി ഉപയോഗിക്കണം. "പുനഃചംക്രമണക്ഷമമല്ലാത്ത വിഭവങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക, ഉപയോഗിക്കുന്നവതന്നെയും പുനരുപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്" (No.22). അല്ലാത്തപക്ഷം അപകടകരമായ കാലാവസ്ഥാവ്യതിയാനം, കടൽജലനിരപ്പിന്റെ ക്രമാതീതമായ ഉയർച്ച, കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, ജൈവവൈവിധ്യത്തിന്റെ വിനാശം, ഉഷ്ണമേഖലാവനങ്ങളുടെ നാശം, മീഥേൻ വാതകത്തിന്റെ പ്രസരണം, കാർബൺ ഡൈ ഓക്സൈഡിന്റെ അപകടകരമായ ഉദ്വമനം, പ്രകൃതിശോഷണം, ആഗോളതാപനം തുടങ്ങിയ വൻവിപത്തുകളായിരിക്കും അടുത്ത തലമുറയെ കാത്തിരിക്കുന്നത് എന്നും മാർപാപ്പ മുന്നറിയിപ്പുനൽകുന്നു.

അതിനാൽ ഉപഭോഗത്തോടുള്ള കടുത്ത അഭിനിവേശത്തിൽ നിന്നും സ്വതന്ത്രമായതും ആഴമായ ആനന്ദം പ്രദാനം ചെയ്യുന്നതുമായ ഒരു ജീവിതശൈലി നാം സ്വീകരിക്കേണ്ടിരിക്കുന്നു. "അല്പം തന്നെയും അധികമാണ്" (less is more) എന്ന തിരിച്ചറിവാണത്. മിതത്വത്തിന്റെയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന മനോഭാവത്തിന്റെയും മുദ്ര പേറുന്ന ഒരു വളർച്ചയാണ് ക്രിസ്തീയ ആത്മീയത നിർദ്ദേശിക്കുന്നത്. നമുക്കില്ലാത്തവയെ ഓർത്തു ദുഃഖിക്കാതെ ലാളിത്യത്തിലേക്കു തിരിച്ചുപോവുകയും ആധിപത്യത്തിന്റെ മനോഭാവവും സുഖാസക്തിയും ഒഴിവാക്കുകയും വേണം. നമ്മെ ചെറുതാക്കുന്ന ആവശ്യങ്ങൾ പരിമിതപ്പെടുത്തി, ജീവിതത്തിലെ അനന്തസാധ്യതകളിലേക്ക് തുറവിയുള്ളവർക്കാണ് യഥാർത്ഥ സന്തോഷം അനുഭവിക്കുവാൻ കഴിയുന്നത്. ഇതിന്റെ തുടക്കം വലിച്ചെറിയൽ സംസ്കാരത്തെ വലിച്ചെറിഞ്ഞുകൊണ്ടായിരിക്കട്ടെ.





# ഘർ വാപസി

മങ്ങാടൻ

**18** മക്കളുള്ള ഹൈറേഞ്ചുകാരൻ അച്ചാച്ചൻ. 97-ാം വയസ്സിലും യുവത്വത്തിന്റെ പ്രസന്നതയോടെ കട്ടിലിൽ കിടക്കുന്നു. അവധിക്കാലമായതുകൊണ്ടു മക്കളും കൊച്ചുമക്കളും എല്ലാവരും ഒന്നിച്ചുകൂടിയിട്ടുണ്ട്. ഒരു കല്യാണവീടുപോലെ സന്തോഷത്തിന്റെ തിരതള്ളൽ.... ഈ ആഘോഷങ്ങളുടെയും സന്തോഷങ്ങളുടെയും മധ്യത്തിലും അച്ചാച്ചന്റെ ഒരേയൊരാഗ്രഹം ഇത്രതന്നെ! 'ദൗത്യമേല്പിച്ച് ഈ താൽക്കാലിക വസതിയിലേക്ക് അയച്ചവന്റെ ഭവനത്തിലേക്ക് എത്രയും വേഗം എനിക്ക് മടങ്ങിപ്പോകണം'.

കഴിഞ്ഞ നാളുകളിൽ 'ഘർ വാപസി' എന്നത് ക്രിസ്ത്യാനി നെഞ്ചിടിപ്പോടെ കേട്ടിരുന്ന പദമാണ്. എന്താ ഈ വാക്കിന്റെ അർത്ഥം?.... വീട്ടിലേക്കുള്ള മടക്കയാത്ര. ഓരോ ദൈവപൈതലിന്റെയും അസ്തിത്വം എന്നത് അയച്ചവന്റെ അരികിലേക്കുതന്നെ മടങ്ങിച്ചെല്ലുക എന്നതാണ്. ഈശോ വെളിപ്പെടുത്തുന്നതും നമ്മെ ഓർമ്മപ്പെടുത്തുന്നതും മറ്റൊന്നല്ല. യോഹ 7:33 ൽ പറയുന്നു, അല്പ സമയത്തേക്കുകൂടി ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. രക്തം തിളയ്ക്കുന്ന, ജീവിക്കുവാൻ കൊതി തോന്നുന്ന പ്രായത്തിൽ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിപ്പോകുവാൻ മുന്നൊരുക്കം നടത്തുന്ന ഈശോയെ സുവിശേഷങ്ങളിൽ ഉടനീളം നമുക്കു കാണാനാവും.

"....താൻ ദൈവത്തിൽ നിന്നു വരുകയും ദൈവത്തിലേക്കു പോകുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു" (യോഹ 13:3). "ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നെങ്കിൽ, പിതാവിന്റെയടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു" (യോഹ 14:28). "ഞാൻ പിതാവിന്റെയടുത്തേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും...." (യോഹ 16:10). "അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല.... ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നു എന്നും അവൻ നമ്മോടു പറയുന്നതിന്റെ അർത്ഥമെന്താണ്?" (യോഹ 16:16-17). "എന്നാൽ ഇപ്പോൾ ഇതാ ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു" (യോഹ 17:13). "ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു" (യോഹ 17:11). ഈ വചനഭാഗങ്ങളെല്ലാം സഹനമരണോത്ഥാനത്തിലൂടെ പിതാവിന്റെ സന്നിധിയിലേക്കു മടങ്ങിപ്പോകാനുള്ള ഈശോയുടെ അദമ്യമായ ആഗ്രഹത്തെയാണ് വെളിവാക്കുക.

വി. യോഹന്നാന്റെ സുവിശേഷം 13:1ൽ "ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് ഈശോ സ്വയം ഓർമ്മപ്പെടുത്തുന്നു. പിന്നീടുള്ള ഈശോയുടെ യാത്രകളും സംസാരവുമെല്ലാം സ്വർഗീയ ഭവനം ലക്ഷ്യം വച്ചായിരുന്നു. അത് കണ്ണീരൊഴുക്കിയോ, നിസ്സംഗതയോടെയോ ആയിരുന്നില്ല. മറിച്ച് ഉത്ഥാനത്തിലൂടെ പിതാവിന്റെയടുക്കലെത്താമെന്നുള്ള വലിയ സന്തോഷത്തോടെ ആയിരുന്നു. ഈയൊരു മുന്നൊരുക്കത്തിന് ഈശോയെ പ്രേരിപ്പിച്ചത് പിതാവുമായുള്ള ഗാഢബന്ധമല്ലാതെ മറ്റൊന്നുമായിരുന്നില്ലെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. യോഹ 4:34 ലൂടെ പിതാവിന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് തന്റെ ഭക്ഷണമെന്ന് ഈശോ പറയുന്നു.

85-ാമത്തെ വയസ്സിൽ മരണത്തോടു മല്ലടിച്ച് ആശുപത്രിയിൽ കിടക്കുന്ന അമ്മച്ചി മൂന്നാം ക്ലാസുകാരനായ പേരക്കിടാവിന്റെ വിവാഹവുംകൂടി കണ്ടിട്ട് മരിച്ചാൽ മതി എന്നു പതം പറഞ്ഞപ്പോൾ, 33-ാം വയസ്സിൽ തന്നെ ഏല്പിച്ച ദൗത്യം പൂർത്തിയാക്കി തന്റെ ഭവനത്തിലേക്കു തിരികെ മടങ്ങിയ ഈശോയെയാണ് ഓർമ്മ വന്നത്.

ആധുനിക മനുഷ്യൻ ഈ ലോകത്തിന്റെ സമ്പാദ്യങ്ങൾ വെട്ടിപ്പിടിക്കാൻ നെട്ടോട്ടമോടുമ്പോൾ ഈ ലോകത്തിന്റെ സുഖഭോഗങ്ങളിൽ മുഴുകുമ്പോൾ ചോദ്യമുയരുകയാണ്

എത്ര നാളത്തേക്ക്?

എത്രത്തോളം?

# ദൈവപാതയിൽ ചരിക്കുക

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി



മാതാപിതാക്കന്മാരുടെ ഭിന്നസ്നേഹത്തിൽ സ്വാർത്ഥഭാവങ്ങളും മാത്സര്യവും നിറഞ്ഞ് യാക്കോബും ഏസാവും വളർന്നുവന്നു. 'ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി തന്റെ കടിഞ്ഞൂൽപുത്രസ്ഥാനം വിറ്റ ഏസാവ്... പിന്നീട് അവകാശം പ്രാപിക്കാൻ ആഗ്രഹിച്ചപ്പോൾ തിരസ്കരിക്കപ്പെട്ടു. കണ്ണീരോടെ അവൻ അത് ആഗ്രഹിച്ചു. എങ്കിലും അനുതപിക്കാൻ അവന് അവസരം ലഭിച്ചില്ല' (ഹെബ്രാ 12,16-17). യാക്കോബാകട്ടെ സഹോദരന്റെ വിശപ്പിനു വിലപറഞ്ഞ് താൻ ആഗ്രഹിച്ച കടിഞ്ഞൂൽപുത്രസ്ഥാനം നേടിയെടുത്തു. പിതാവിനെ കബളിപ്പിക്കുകയാണെന്ന് ബോദ്ധ്യമുണ്ടായിരുന്നിട്ടും (ഉല്പ 27,12) അമ്മയുടെ കപടതയ്ക്കു കൂട്ടുനിന്ന് പിതാവിന്റെ അനുഗ്രഹം പ്രാപിച്ച യാക്കോബ്! ഇഷ്ട പുത്രനുവേണ്ടി എല്ലാം നേടിക്കൊടുത്ത റബേക്ക! എന്നാൽ അമ്മയ്ക്ക് മകനെ നഷ്ടപ്പെടുന്നു. മകൻ നേടിയെടുത്ത കടിഞ്ഞൂൽപുത്രസ്ഥാനത്തിന് അർത്ഥമില്ലാതായി. യാക്കോബിന്, അമ്മയെയും അപ്പനെയും സഹോദരനെയും ഉപേക്ഷിച്ച് പരദേശിയെപ്പോലെ മാതൃസഹോദരഭവനത്തിൽ അഭയം തേടേണ്ടിവന്നു. പിതൃഭവനവും സ്വന്തം ദേശവും സ്വന്തക്കാരും അവനു നഷ്ടമായി. നേടിയെടുത്തതെല്ലാം അർത്ഥശൂന്യമായ അവസ്ഥ. ഏസാവാകട്ടെ തന്റെ ഭാര്യയെ, അവൾ കാനാൻകാരിയെന്നതിനാൽ, പിതാവിന് ഇഷ്ടമില്ല എന്നറിഞ്ഞ് അബ്രാഹത്തിന്റെ പുത്രനായ ഇസ്മായേലിന്റെ മകളെക്കൂടി വിവാഹം കഴിച്ചു (ഉല്പ 28,8-9). കുടുംബബന്ധങ്ങൾ തകരുന്ന ദാരുണ കഥ.

ലാബാന്റെ ഭവനത്തിലെത്തുന്ന യാക്കോബ് അയാളുടെ മകൾ റാഹേലിനെ മോഹിച്ചു. എന്നാൽ അതിനായി ഏഴു വർഷക്കാലം ലാബാന്റെ കീഴിൽ ജോലി ചെയ്യേണ്ടിവന്നു. ജീവിതപങ്കാളിയെ നേടാൻ പുരുഷൻ കഠിനാദ്ധ്വാനം ചെയ്യുന്നു. സ്ത്രീധനം സ്ത്രീ തരുന്ന ധനമല്ല, സ്ത്രീയാകുന്ന ധനത്തിനായി സ്ത്രീയുടെ കുടുംബത്തിനു നല്കുന്ന സമ്മാനമാണ്.

നീണ്ട ഏഴു വർഷത്തെ കഠിനാദ്ധ്വാനത്തിനുശേഷം ഇഷ്ടസ്ത്രീയെ വിവാഹം കഴിക്കാൻ ഒരുങ്ങിയെത്തിയ യാക്കോബ് കബളിപ്പിക്കപ്പെട്ടു. തന്റെ മൂത്ത മകൾ നില്ക്കേ ഇളയവളെ വിവാഹം ചെയ്തുകൊടുക്കാൻ ലാബാൻ തയ്യാറായില്ല. കഠിനാദ്ധ്വാനത്തിന്റെ ദീർഘമായ ഏഴു വർഷങ്ങൾ പാഴായിപ്പോയതിന്റെ ദുഃഖവും ആഗ്രഹിച്ചത് ലഭിക്കാതെപോയതിന്റെ നിരാശയുമെല്ലാം പേറി "എന്നെ ചതിച്ചത് എന്തിന്?" എന്ന് യാക്കോബ് ലാബാനോടു ചോദിക്കുന്നു. സഹോദരനു ലഭിക്കേണ്ടിയിരുന്ന അനുഗ്രഹം തന്റെ അമ്മയെ കൂട്ടുപിടിച്ച് കബളിപ്പിച്ച് തട്ടിയെടുത്ത യാക്കോബ് ഒരുപക്ഷേ, തന്റെ സഹോദരൻ കഷ്ടപ്പെട്ട് പിതൃഹിതം നിറവേറ്റി കാട്ടിറച്ചിയുമായി എത്തിയപ്പോൾ കബളിപ്പിക്കപ്പെട്ടതറിഞ്ഞു കരഞ്ഞപേക്ഷിച്ചപ്പോൾ അവനുണ്ടായ ഹൃദയവേദന ഈയവസരത്തിൽ അറിഞ്ഞിട്ടുണ്ടാവണം.

ജീവിതത്തിൽ വില കല്പിക്കുന്നതിനുവേണ്ടി എന്തു ത്യാഗവും ഏറ്റെടുക്കുവാൻ യാക്കോബ് തയ്യാറാണ്. മൂല്യം കല്പിച്ചതിനുവേണ്ടി വില കൊടുക്കാൻ അയാൾ മടികാട്ടിയില്ല. അതിയായി ആഗ്രഹിച്ച ദൈവദത്തമായ കടിഞ്ഞൂൽപുത്രസ്ഥാനത്തിനുവേണ്ടി, അദ്ധ്വാനിച്ചുണ്ടാക്കിയിട്ടും രുചിച്ചുപോലും നോക്കാതെ ഏസാവിന് "പായസം" നല്കിയവനാണ് യാക്കോബ്. അമ്മയെയും അപ്പനെയും ഒരുപോലെ ആദരിച്ചിരുന്ന യാക്കോബ് പിതാവിനെ കബളിപ്പിക്കുന്നത് ശിക്ഷാർഹമാണെന്ന സത്യം അമ്മയുടെ മുമ്പിൽ തുറന്നുവച്ചു. എങ്കിലും അമ്മയുടെ വാക്കിനെ നിഷേധിക്കാനാവാത്ത അവൻ അമ്മയെ അനുസരിച്ച് വഞ്ചനകാട്ടി. അതിനു പ്രതിഫലമോ തനിക്കു ലഭിച്ച ഈ വഞ്ചന എന്നവൻ ചിന്തിച്ചിട്ടുണ്ടാവാം.

റാഹേലിനെ സ്നേഹിക്കുകയും സ്വന്തമാക്കാൻ മോഹിക്കുകയും ചെയ്ത യാക്കോബ് ലാബാന്റെ വഞ്ചന സഹിച്ചു. വീണ്ടും, വഞ്ചിച്ചവന്റെ വാക്കു വിശ്വസിച്ച് മോഹിച്ചതു നേടാനായി ഏഴുവർഷങ്ങൾക്കൂടി അദ്ധ്വാനിച്ചു. ആഗ്രഹിച്ചതെല്ലാം നേടിയ യാക്കോബ് അവയെ പരിപാലിക്കുന്നതിനായി ഏറെ അദ്ധ്വാനിച്ചു സമ്പാദിച്ചു. ഇത് ഭാര്യാസഹോദരന്മാരുടെ അസൂയയ്ക്കും ശത്രുതയ്ക്കും കാരണമായി. അവരുടെ പ്രതികരണത്തിനുമുമ്പിൽ യാക്കോബ് ദൈവസ്വരത്തിനു കാതോർത്തു. നേടിയതെല്ലാം കൂടെയെടുത്ത് തിരികെ തന്റെ പിതാവിന്റെ നാട്ടിലേക്ക് യാക്കോബ് യാത്രയായി.

ജീവിതത്തിന്റെ കൊഴിഞ്ഞുപോയ നാളുകളിലേക്ക് ഈ യാത്രയ്ക്കിടയിൽ യാക്കോബ് തിരിഞ്ഞുനോക്കി. "അങ്ങ് ഈ ദാസനോടു കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല. കേവലം ഒരു വടിയുമായിട്ടാണ് ഞാൻ ജോർദാൻ കടന്നത്. ഇപ്പോഴിതാ ഞാൻ രണ്ടു ഗണമായി വർദ്ധിച്ചിരിക്കുന്നു" (ഉല്പ 32,10). യാക്കോബിന്റെ ജീവിതത്തിന്റെ രത്നച്ചുരുക്കം ഈ വാക്കുകളിൽ നിഴലിക്കുന്നു. എപ്പോഴും എല്ലാം ദൈവത്തിൽനിന്നാണ് സ്വീകരിച്ചത് എന്ന ബോധ്യം അവനുണ്ടായിരുന്നു. "എന്റെ പിതാവായ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ഭയവുമായവൻ എന്റെ ഭാഗത്തില്ലായിരുന്നെങ്കിൽ അങ്ങ് എന്നെ വെറുംകൈയോടെ പറഞ്ഞുവിടുമായിരുന്നു. എന്റെ കഷ്ടപ്പാടും ദേഹാദ്ധ്വാനവും ദൈവംകണ്ടു" (ഉല്പ 31,42). ലാബാനോടു പറയുന്ന ഈ വാക്കുകൾ യാക്കോബിനെ വെളിപ്പെടുത്തുന്നു.

യാക്കോബിന്റെ ജീവിതത്തിൽ പല പ്രാവശ്യം ദൈവദർശനത്തിന്റെ അനുഭവങ്ങളുണ്ടായിട്ടുണ്ട്. ആദ്യമായി സ്വഭവനം വിട്ട് ലാബാന്റെ ഭവനത്തിലേക്ക് ഒളിച്ചോടുമ്പോൾ ബഥേലിൽവച്ച് സ്വപ്നത്തിൽ സ്വർഗദർശനം ലഭിക്കുന്നു. ആ സ്ഥലത്തെ ദൈവത്തിന്റെ ഭവനമായി അയാൾ കണ്ടു (ഉല്പ 28,10-18). ആ സ്ഥലത്തെ അവൻ അഭിഷേകം ചെയ്തു വേർതിരിച്ചു. യാക്കോബ് ദൈവത്തിനും

ദൈവം പ്രത്യക്ഷപ്പെട്ട ഇടത്തിനുമെല്ലാം നല്കുന്ന മഹത്ത്വം തന്റെ ജീവിതത്തിൽ ദൈവത്തിനു നല്കുന്ന മഹത്ത്വത്തിന്റെ പ്രകാശനംതന്നെ. ഇന്ന് ഈ മേഖലകളിൽ വന്നിരിക്കുന്ന മാറ്റങ്ങൾ ഭാവാത്മകമോ?

രണ്ടാമതായി, ലാബാന്റെ ഭവനത്തിൽനിന്നുള്ള തിരിച്ചുവരവിൽ "ദൈവത്തിന്റെ ദൂതന്മാർ വഴിക്കുവച്ച് അവനെ കണ്ടുമുട്ടി. അവരെ കണ്ടപ്പോൾ അവൻ പറഞ്ഞു. ഇതു ദൈവത്തിന്റെ സൈന്യമാണ്. ആ സ്ഥലത്തിന് അവൻ മഹനായിം എന്നു പേരിട്ടു (ഉല്പ 32,1-2). കണ്ടയുടനെ ദൈവദൂതന്മാരെ തിരിച്ചറിയുവാൻ യാക്കോബിനു കഴിഞ്ഞത് അവൻ ദൈവിക സാന്നിദ്ധ്യാനുഭവത്തിൽ വ്യാപരിച്ചു എന്നതുകൊണ്ടാണ്. ഇവിടെ, ദൈവദൂതന്മാരുടെ സാന്നിദ്ധ്യമുണ്ടായ ഇടത്തെ യാക്കോബ് പ്രത്യേകം പേരിട്ടു വേർതിരിച്ചു.

മൂന്നാമത്തേത് ഏസാവിനെ കണ്ടുമുട്ടുന്നതിന് ഏറെ അടുത്തെത്തിയ വേളയിലാണ്. തന്റെ



കുടുംബത്തെയും സമ്പാദ്യങ്ങളെയും കടവിനിപ്പുറമെത്തിച്ച യാക്കോബ് രാത്രി മുഴുവൻ ഒറ്റയ്ക്ക് മറുകരയിൽ കഴിഞ്ഞു. ബഹളങ്ങളിൽനിന്നൊഴിഞ്ഞ്, വീട്ടുകാരിൽനിന്നു മാറി അവൻ വിശ്രമിക്കുകയായിരുന്നില്ല; പുലരുവോളം ദൈവദൂതനോട് മല്പിടുത്തം നടത്തുകയായിരുന്നു. അവസാനം അനുഗ്രഹം പ്രാപിച്ച യാക്കോബ് സ്വന്തം പേര് ദൈവദൂതനാൽ മാറ്റപ്പെടുന്ന അനുഭവത്തിലെത്തിച്ചേർന്നു. ദൈവം പ്രത്യക്ഷപ്പെട്ട ഇടങ്ങളെ വേർതിരിക്കുകയും പേരു നല്കുകയും ചെയ്ത യാക്കോബ് ഇപ്പോൾ സ്വന്തം പേര് മാറ്റപ്പെട്ടവനായി. അർത്ഥം വ്യക്തം - യാക്കോബിൽ ദൈവം സന്നിഹിതനാകുന്നു, അഥവാ അവൻ ദൈവത്തിന്റെ സാന്നിദ്ധ്യമായി വർത്തിക്കുന്നു. അവൻ രൂപാന്തരപ്പെടുന്നു.

പ്രഭാതത്തിൽ കുടുംബാംഗങ്ങളോടൊപ്പം ഏസാവിനെ കാണാൻപോകുന്ന യാക്കോബ് അവരുടെ മുമ്പേ നടന്നു. ഏസാവിന്റെ മുമ്പിൽ -തന്നെ വധിക്കാൻ ആഗ്രഹിച്ചവന്റെ മുമ്പിൽ- അവൻ ഏഴു പ്രാവശ്യം സാഷ്ടാംഗം പ്രണമിച്ചു. ''ദൈവത്തിന്റെ മുഖം കണ്ടാലെന്നപോലെയാണ്'' (ഉല്പ 33,10) അവൻ ഏസാവിനെ കണ്ടത്. പരസ്പരം കണ്ടുമുട്ടിയതിനുശേഷം ക്ഷീണിച്ചിരുന്നതിനാൽ മുന്നോട്ടുനീങ്ങുവാൻ കഴിവില്ലാതിരുന്ന യാക്കോബ് ഏസാവിനെ മുമ്പേ പറഞ്ഞയയ്ക്കുന്നു. തന്റെ ആൾക്കാരിൽ കുറച്ചു പേരെ സഹായത്തിനായി യാക്കോബിനോടൊപ്പം നിർത്തട്ടെ എന്ന് ഏസാവു ചോദിക്കുന്നു. ഒരു വേള വധിക്കാൻ ആഗ്രഹിച്ചവൻ സംരക്ഷകനായി മാറുന്നു. അപ്പോൾ യാക്കോബ് നല്കുന്ന മറുപടിയും ശ്രദ്ധേയമാണ്: "എന്തിന്? എനിക്ക് അങ്ങയുടെ പ്രീതി മാത്രം മതി" (ഉല്പ 33,14-15).

സഹോദരന്റെ കടിഞ്ഞൂൽപുത്രസ്ഥാനവും അവനവകാശപ്പെട്ട പിതാവിന്റെ അനുഗ്രഹങ്ങളും വ്യാമോഹിച്ചവൻ ഇപ്പോഴിതാ എല്ലാ സഹായവും വേണ്ടെന്നുവച്ച് സഹോദരപ്രീതിമാത്രം കാംക്ഷിക്കുന്നു. ഇതാണ് ദൈവവഴിയിൽ യാത്ര ചെയ്യുന്നവൻ എത്തിച്ചേരുന്ന സാഹോദര്യത്തിന്റെ ഭാവം. ഇതാണ് ദൈവപാതയിൽ ചരിക്കുന്നവനിൽ വരുന്ന രൂപാന്തരീകരണം.





കവിത

# തോബിയാസിൻ വിവാഹരാത്രി

മരിയ ഷാജി
പാലയ്ക്കാട്ടുതോട്ടത്തിൽ, പൂമറ്റം

സാറാതൻ പക്കലേക്ക് ഭക്ഷണാ-
നന്തരമേ തോബിയാസിനെ
അയച്ചു, നയിച്ചുവല്ലോ എന്നോ.
ധൂപകലശത്തിൽ തൻ തീക്കനിൽ
മത്സ്യത്തിൻ ചങ്കും കരളും
പുകയ്ക്കും നേരമല്ലോ ഏതോ
ഈ മണമേറ്റനേരം പിശാച്
ഈജിപ്തിന്റെ അങ്ങേറ്റത്തേക്കോ
പലായനം ചെയ്തുവല്ലോ..........

മണവറയിൽ തനിച്ചായനേരം
സാറായോടു ചൊൽവേഃ
കർത്താവിൻ കാരുണ്യത്തി-
നായി കേണപേക്ഷിച്ചീടേണം
പ്രാർത്ഥനാനന്തരമേ ഇരുവരും
മയങ്ങിക്കൊൾവെഃ
മരണം തേടിയെത്തി തോബിയാസിനെ
യെന്നു ഓർത്തുചെന്നു റഗുവേൽ
ജീവനുണ്ടെന്നു മനസ്സിലായ
നേരം സന്തോഷചിത്തനായി റഗു-
വേൽ അതിയായിടുംമേ
ഇരുവരും സുഖനിദ്രയിലാണ്ടു
എന്ന വിവരം അറിഞ്ഞുവല്ലോ.
അന്നേരം റഗുവേൽ തൻ
ദൈവത്തെ സ്തുതിച്ചുപാടിഃ
"നിർമലമായ സ്തുതിയാൽ അങ്ങ്
വാഴ്ത്തപ്പെടട്ടെ എന്നും വാഴ്ത്തീടട്ടെഎന്നും."
തന്റെ സ്വത്തിൻപാതികൊണ്ടു
പിതാവിൻ പക്കലേക്കു മടങ്ങാ-
മെന്നും തന്റെയും ഭാര്യയുടേം
മരണാനന്തരം പകുതി
നൽകാമെന്നും റഗുവേൽ
പറഞ്ഞുവല്ലോ......





കൂട്ടുകാരേ, സഭാപ്രതിഷ്ഠയെ അനുസ്മരിക്കുന്ന ഈ പള്ളിക്കൂദാശാക്കാലത്തിൽ ഇതിന്റെ യഥാർത്ഥചൈതന്യം അനാവരണം ചെയ്യുന്ന വെളിപാടുപുസ്തകം 19,20,21 അധ്യായങ്ങൾ വായിച്ചതിനുശേഷം താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

1. സ്വർഗ്ഗത്തിൽ കേട്ട വലിയ സ്വരം എന്താണ്?
2. മണവാട്ടിയുടെ വസ്ത്രം എന്താണ്?
3. പ്രവചനത്തിന്റെ ആത്മാവ് എന്താണ്?
4. വെള്ളക്കുതിരയുടെ പുറത്തിരിക്കുന്നവന്റെ നാമം എന്താണ്?
5. വിശുദ്ധ ഗ്രന്ഥത്തിൽ പേരെഴുതപ്പെടാത്തവയെല്ലാം എവിടേക്കാണ് എറിയപ്പെട്ടത്?
6. പുതിയ ജറുസലേമിനെ എന്തിനോട് ഉപമിക്കാം?
7. സ്വർഗ്ഗത്തിൽനിന്നുവന്ന ദൂതൻ ഉഗ്രസർപ്പത്തെ എത്ര വർഷത്തേയ്ക്കാണ് ബന്ധനത്തിലാക്കിയത്?
8. നഗരമതിലിന്റെ അഞ്ചാമത്തെ അടിസ്ഥാനം ഏതു രത്നംകൊണ്ടാണ് അലങ്കരിച്ചിരിക്കുന്നത്?

**ഉത്തരങ്ങൾ**

1. □□□□
2. □□□□□□□□□□□□
3. □□□□□□□
4. □□□□□
5. □□□□□
6. □□□□
7. □□□
8. □□□□

**കഴിഞ്ഞ ലക്കത്തിലെ വിജയി:**
റോസ്മിൻ ജോർജ്ജ്
പുന്നമറ്റത്തിൽ, പെരുന്തൊട്ടി

തയ്യാറാക്കിയത്: **പ്രിൻസി മൈലാടിയിൽ**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - നവംബർ 15).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018







**ബാലനോവൽ - 8**

പലതും ആലോചിച്ചങ്ങനെ ഇരിക്കുമ്പോഴാണ് വികാരിയച്ചൻ കയറി വന്നത്. കൂട്ടത്തിൽ പരിചയമില്ലാത്ത രണ്ടുപേരും. 'വർക്കിച്ചാ, ഇവർ ആനിയുടെ വീടുതേടിയിറങ്ങിയതാ' 'എന്താ അച്ചോ അവൾ എന്തെങ്കിലും...........' വികാരിയച്ചൻ ഇടയ്ക്കു കയറി പറഞ്ഞു. 'ഇങ്ങനെ പേടിക്കാതെ വർക്കിച്ചാ....... അവൾ നല്ല കുട്ടിയല്ലേ.....' അവൾ മാത്രമല്ല, വർക്കിച്ചന്റെ മക്കളെല്ലാവരും. ആ അതു വരട്ടെ. ഇതു റോയി, ഭാര്യ ലിസി. ആനിയുടെ ക്ലാസിൽ പഠിച്ചിരുന്ന ലിയായുടെ മാതാപിതാക്കളാണ്. വർക്കിച്ചൻ തന്റെ മക്കളെ വിളിച്ച് അവർക്കു പരിചയപ്പെടുത്തി. മേരിയുണ്ടാക്കിയ ചായ കുടിക്കുന്നതിനിടെ റോയി പറഞ്ഞു "നല്ല സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ വേണ്ടിയാ ലിയായെ ഹോസ്റ്റലിൽ നിർത്തിയത്. അതുകൊണ്ട് അവളെ വേണ്ടത്ര സ്നേഹിക്കാൻ പോലും ഞങ്ങൾക്കായില്ല. ആനിമോളെ അവൾക്കു വലിയ ഇഷ്ടമായിരുന്നു. ആനിയുടെ വീട്ടിൽ പോകണമെന്നു വലിയ ആഗ്രഹവുമായിരുന്നു. പക്ഷേ....." റോയിയെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ വർക്കിച്ചൻ വിഷമിച്ചു.

ബാക്കി പറഞ്ഞതു ഗ്രേസിയാണ്. "പഠിക്കുന്ന കാലത്തേ ആനിയെ സഹായിക്കണമെന്ന് അവൾ ആഗ്രഹിച്ചിരുന്നു. മരിക്കുന്നതിനുമുമ്പു പറഞ്ഞു. ആനിക്കു പഠിക്കാൻ വേണ്ട പണം പപ്പാ കൊടുക്കണമെന്ന്...............പക്ഷേ ഞങ്ങൾ വരാൻ വൈകിപ്പോയി. "എന്റെ ദൈവമേ......... അത്......." വർക്കിച്ചനെ പറയാനനുവദിക്കാതെ റോയി പറഞ്ഞു "ഞങ്ങൾ രണ്ടുപേരും ഒരു ലക്ഷത്തിലധികം രൂപാ കൈപ്പറ്റുന്നവരാണ്. ഇപ്പോൾ തന്നെ ഞങ്ങൾക്ക് ജീവിക്കാൻ ധാരാളം സമ്പത്തുണ്ട്. മാത്രവുമല്ല ലിയായുടെ ആഗ്രഹം ഞങ്ങളല്ലാതെ ആരാണ് സാധിച്ചു കൊടുക്കുക.... ലിയായെ ഓർത്തെങ്കിലും നിങ്ങൾ ഇതു സ്വീകരിക്കണം......." റോയി തുടർന്നു..... "ആനിയെ മാത്രമല്ല നിങ്ങളുടെ കുടുംബത്തെത്തന്നെ ഞങ്ങൾ ഏറ്റെടുക്കുകയാണ്.... നിങ്ങൾ എതിർക്കരുത്." വികാരിയച്ചന്റെ നിർബന്ധം കൂടിയായപ്പോൾ വർക്കിച്ചനും എതിർത്തുപറയാൻ വാക്കുകൾ കിട്ടിയില്ല.

അവർ യാത്ര പറഞ്ഞുപോകവേ വികാരിയച്ചൻ പറഞ്ഞു. കർത്താവിന്റെ വഴിയിലൂടെ നടക്കുന്നവരെ അവിടുന്ന് ഒരിക്കലും കൈവിടില്ല. നിങ്ങൾ കർത്താവിന്റെ വഴിയിലൂടെ നടക്കുന്നവരാണെന്നുമാത്രമല്ല. നിങ്ങളെ തന്റെ ഉള്ളംകൈയിൽ വഹിച്ചുകൊണ്ട് കർത്താവാണ് നിങ്ങൾക്കുവേണ്ടി നടക്കുന്നത്. നിങ്ങളെപ്പോലുള്ളവരെക്കുറിച്ചാണ് ഈശോ ഇപ്രകാരം പറഞ്ഞത് "ആത്മാവിൻ ദരിദ്രർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു." (അവസാനിച്ചു)




# Through the Door of Mercy

**Bro. Naveen Plackalil**
St. Thomas Minor Seminary, Thuruthy

Pope Francis has announced the opening of the door of Mercy or the holy door in connection with the observance of the Year of Mercy. In this season of the dedication of the Church, we are invited in a special way as to enter into the "Church", through the door of mercy. At the close of liturgical year, the door of mercy is a gateway of hope as the holy Father says, "A Door of Mercy through which anyone who enters will experience the love of God, who consoles, pardons and instills hope".





The apostolic letter, "Face of Mercy", began with the statement that "Jesus Christ is the face of the Father's mercy". Any Christian who can see the face of Christ's merciful face, through the eyes of faith, can only reflect the radiance of mercy on his face. Mercy is not a feeling of sympathy, but it is realized at an empathetic level, which means to stand in the lot of the sufferer. Only if one can empathize or stand in the place of the sufferer, he can feel the pain of the other. Christ, being God, came down to earth, walked through the path of struggles, lived, suffered and went through all the ordeals of a human life. When the evangelist says, "God became man", it has manifold layers of meaning.


Christ became a man in all levels of human existence. In the cross, we see the culmination of his suffering and in his death he experiences the ultimate fate of a mortal. So it is Christ the God who became man, who is the true face of mercy as he has suffered for us, died for our sake and established Holy Qurbana as the mark of his abundant mercy.

We must trust in God's mercy and walk towards the confessional with a contrite heart for our heavenly father is not an angry God, but a merciful God, full of compassion. The Holy door or the Door of Mercy is opened to all who believes in the merciful Father. Pope Francis affirms, "our God never gets tired of forgiving sins".

We must also be merciful to our fellow human beings, for Jesus says, "Blessed are the merciful for they shall obtain mercy". Let us follow the principle of "mercy for mercy". If we could forgive our brothers and sisters, then we would receive remission of our sins. Thus we could trade in "mercy for mercy".

If we trust in mercy, then we should keep away any complex of guilt and scrupulosity and needn't worry about our sins, which the merciful God has forgiven through the sacrament of reconciliation. There is this funny story about a nun who said she had frequent visions of Jesus and claimed that she talked with Jesus every night. The authorities who doubted the authenticity of the nun, informed the Bishop. The Bishop on a visit to the convent asked the nun, "sister, if you talk with Jesus and he appears before you, please ask him what sin did I confess to my confessor today. Thus you can give a proof of your visions". The next morning everybody was anxious about what she would say. The nun told the Bishop, "Oh Bishop, Jesus told me that he is so merciful, that he doesn't remember the sins he has forgiven". So no one, who walks through the door of mercy, should be scrupulous or carry the baggages of guilt complex.

വിശുദ്ധരോടൊപ്പം



# മുഴുക്കുടിയൻ വിശുദ്ധനായി

## വി. മാറ്റ് ടാൽബോത്ത്

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പ്രിയ മാറ്റ്.......

നിന്റെ ജനനവും മരണവും ഒന്നും എനിക്കറിയില്ല. നിന്റെ ബാല്യകൗമാരയൗവ്വനങ്ങൾ ഒന്നുമേ ഞാനന്വേഷിച്ചില്ല... പക്ഷേ 'ഒന്ന്' എനിക്കറിയാം. ആ 'ഒന്ന്' കേട്ടറിഞ്ഞതാണ്. കേട്ടറിഞ്ഞ ആ 'ഒന്ന്' ... ആ ഒറ്റ ദിനമല്ലേ "മാറ്റിന്റെ" ജീവിതത്തെ മാറ്റിമറിച്ചത്.

പണിയില്ലാത്ത ഒരാഴ്ചക്കാലം... പണമൊന്നും കിട്ടിയില്ല... പണ്ടം കിടന്നാലും നിനക്കു വിഷമമില്ലെന്നറിയാം. പക്ഷേ പതിവു പെഗ്ഗ് മുടങ്ങാതിരിക്കുവാൻ എത്ര പേരോട് കാലുപിടിച്ച് കടം ചോദിച്ചു... ആരും നിന്നെ ഗൗനിച്ചില്ല... മൂക്കറ്റം കുടിച്ച് മൂവന്തിനേരത്ത് നാലുകാലിൽ കുടുംബത്ത് കയറി വന്നിരുന്ന നീ പതിവിനു വിരുദ്ധമായി രണ്ടു കാലിൽ സുബോധത്തോടെ കുടുംബത്ത് കയറിവന്നപ്പോൾ കുടുംബാംഗങ്ങൾ നിറകണ്ണുകളോടെ ദൈവത്തിനു നന്ദി പറഞ്ഞു. ആ രാത്രി... അതിതീവ്രമായ ആഗ്രഹം... അർദ്ധരാത്രിയിൽ കണ്ണുനീർ ചാലുകളായി ഒഴുകി... കള്ളുകുടിയിൽനിന്ന് എന്നെ മോചിപ്പിക്കണം.

മറ്റെങ്ങോട്ടും പോകാതെ മാറ്റേ... നീ പോയത് ദൈവാലയത്തിലേക്കല്ലേ... മൂന്നു മാസത്തേക്ക് മദ്യപിക്കില്ലെന്നു ദൈവതിരുമുമ്പിൽ നീ എടുത്ത പ്രതിജ്ഞയാണ് എന്നെയും മാറ്റിമറിച്ചത്.

നീ അനുഭവിച്ച ബുദ്ധിമുട്ടുകൾ തന്നെയാണ് ഞാനും അനുഭവിക്കുന്നത്...

മദ്യപരായ കൂട്ടുകാർ... മദ്യത്തിന്റെ പ്രലോഭനത്തെ അതിജീവിക്കുവാൻ, അഗ്നിപരീക്ഷണത്തിലൂടെ മുന്നോട്ടുപോകുമ്പോൾ നിന്റെ അതിജീവനത്തിന്റെ വഴികൾ എന്റെ ജീവിതപാതകളിൽ വെളിച്ചമേകുകയാണ്. എല്ലാ പ്രലോഭനങ്ങളെയും അതിജീവിക്കുവാൻ നിനക്കു ശക്തി പകർന്ന പരി. കുർബാനയാണ് എന്റെയും ശക്തി സ്രോതസ്സ്.

എന്നാൽ ഒരു ദിനം പരി. കുർബാന സ്വീകരിക്കാൻ പോകുമ്പോൾ നിന്റെ ഉള്ളിലെ സ്വരം എന്റേതുകൂടിയാണെന്ന് ഞാൻ തിരിച്ചറിയുന്നു. "നിന്റെ ഉള്ളിലിപ്പോഴും മദ്യത്തോട് ആസക്തിയുണ്ട്. അതിനാൽ ഈശോയുടെ ശരീരവും രക്തവും സ്വീകരിക്കാൻ നിനക്കു യോഗ്യതയില്ല". നിന്റെ വിഷമം എനിക്കു മനസ്സിലാകുന്നേയില്ല... കാരണം എന്റെ തലച്ചോറിലെ "ആൽക്കഹോളി"ന് ആരുടെയും വേദന മനസ്സിലാകില്ല!

എങ്കിലും ബലിയിൽ സംബന്ധിക്കാതെ, ദൈവാലയങ്ങൾ തോറും ഓടിനടന്ന് കുർബാന സ്വീകരിക്കാൻ പറ്റാതെ, നിരാശനായി അലയുന്ന നിന്നെ ഞാൻ എന്നിൽ കാണുന്നു. എല്ലാം നഷ്ടപ്പെട്ടവനായ നീ അമ്മേ എന്നുവിളിച്ച് കരഞ്ഞപ്പോൾ, നന്മനിറഞ്ഞ മറിയമേ ചൊല്ലി പ്രാർത്ഥിച്ചപ്പോൾ, അമ്മ നിന്റെ അരികിലണഞ്ഞത് എന്നിലും പ്രതീക്ഷയുടെ പുതുനാമ്പുകൾ വിടർത്തി.

എത്ര നേരമാ മാറ്റ് നീ പ്രാർത്ഥിച്ചത്... ആ പ്രാർത്ഥന നിന്നെ മാറ്റിമറിച്ചു. മാറ്റത്തിന്റെ ശംഖൊലി നാദം പോലെ ദൈവാലയമണി മുഴങ്ങി...!!! അതു നിന്റെ പുതുജീവിതത്തിന്റെ ഉണർത്തുപാട്ടായി... ബലിയർപ്പിച്ച് വി. കുർബാന സ്വീകരിച്ച നീ മൂന്നുമാസത്തേക്കെന്നല്ല എന്നന്നേക്കുമായി മദ്യം ഉപേക്ഷിച്ചു...

"മാറ്റ്" മാറി... വിശുദ്ധനായി മാറി... മദ്യപാനത്തിൽനിന്നും മോചനം നേടാനാഗ്രഹിക്കുന്നവരുടെ മധ്യസ്ഥനായിത്തീർന്ന് പുണ്യവാനായി വി. മാറ്റ് ടാൽബോത്ത്!!!

പ്രിയ വിശുദ്ധനായ മാറ്റേ... എന്റെ സുഹൃത്തേ... മദ്യപാനത്തിൽനിന്നും എന്നെയും എന്റെ സുഹൃത്തുക്കളേയും മോചിപ്പിക്കുവാൻ ... ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണേ...

അതിജീവനത്തിന്റെ വഴികളിൽ അൾത്താരയിലെ ബലിയർപ്പണവും, നന്മ നിറഞ്ഞ മറിയവും അങ്ങയുടെ മാധ്യസ്ഥ്യവും ഞങ്ങൾക്ക് ശക്തിസ്രോതസ്സാകട്ടെ....

"നാഥേ, മാനവരക്ഷയ്ക്കായ്
നിർമ്മലമാം നിന്നുദരത്തിൽ
ദൈവകുമാരനുദിച്ചല്ലോ

അപകടവേളകളകലാനും
ശാന്തിയിഹത്തിൽ വളരാനും
സുതനോടെന്നും ഞങ്ങൾക്കായ്
സദയം പ്രാർത്ഥിച്ചീടണമേ

വിധിദിവസം വന്നണയുമ്പോൾ
ഭാസുരമാം പരലോകത്തിൽ
നിന്നോടൊത്തു വസിച്ചിടുവാൻ
അമ്മേ, നീ തുണ നല്കണമേ".

(പള്ളിക്കൂദാശാക്കാലം, ബുധൻ-റംശ)




**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**

# സമർപ്പിതർ : ജ്വലിക്കുന്ന ഹൃദയത്തിനുടമകൾ

**ജിനു നിരപ്പേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*“അവിടെ വച്ച് കർത്താവിന്റെ സ്വരം അവൻ ശ്രവിച്ചു. ഏലിയാ, നീ ഇവിടെ എന്തു ചെയ്യുന്നു? ഏലിയാ ഉത്തരം പറഞ്ഞു: സൈന്യങ്ങളുടെ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്” (1 രാജാ 19:9–10).*

സമർപ്പണം, അത് ജീവിക്കുന്നവരുടെ വിശുദ്ധീകരണത്തെ മാത്രം ഉദ്ദേശിച്ചുള്ളതല്ല. മറിച്ച് ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനുവേണ്ടിയുള്ളതാണ്. ഈ ലോകത്തിൽ പ്രവാചക ദൗത്യം നിർവ്വഹിക്കുന്നവരാണ് സമർപ്പിതർ. കർത്താവിനെപ്രതി ജ്വലിക്കുന്ന ഹൃദയത്തിനുടമകളാകണം സമർപ്പിതർ എന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ Scrutate എന്ന തന്റെ അപ്പസ്തോലിക ആഹ്വാനത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഏലിയാ കർത്താവിന്റെ സ്വരം തിരിച്ചറിഞ്ഞു. അതിനാൽ അവിടുത്തോട് പ്രത്യുത്തരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓരോ സമർപ്പിതാന്മാക്കൾക്കും ദൈവത്തെ ശ്രവിക്കാനും പ്രത്യുത്തരിക്കാനും കഴിയണം. കർത്താവിനെ കേൾക്കുവാൻ കഴിയുമ്പോഴാണ് ജ്വലനം ഉണ്ടാവുക.

അതിരുകളില്ലാത്ത ദൈവത്തിന്റെ സ്നേഹം സമർപ്പിതർ അനുഭവിക്കുകയും അത് മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുവാൻ സഹായിക്കുകയും വേണം. ദൈവത്തിന്റെ അളവുകളില്ലാത്ത സ്നേഹത്തിന്റെ അടയാളങ്ങൾ അനുദിന ജീവിതത്തിൽ കാണുവാൻ സാധിക്കണം. ദൈവഹിതാനുസരണം പ്രവർത്തിച്ച ഏലിയായ്ക്ക് ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുവാൻ സാധിച്ചു എന്നത് രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട് (രാജാ 17:6,14–16,17–24) ഇങ്ങനെയുള്ളവരുടെ ജീവിതം ലോകത്തോടും സമൂഹത്തോടും ഒക്കെ പ്രതിബദ്ധതയുള്ള ജീവിതമായിരിക്കും. ഇപ്രകാരം പ്രവാചക സാക്ഷ്യം കൊടുക്കുവാൻ സുവിശേഷോപദേശങ്ങളായ അനുസരണത്തിലൂടെയും ദാരിദ്ര്യത്തിലൂടെയും കന്യാവ്രതത്തിലുടെയുമുള്ള ജീവിതം സമർപ്പിതരെ സഹായിക്കുന്നു. അങ്ങനെ ജ്വലിക്കുന്ന ഹൃദയത്തിനുടമകളാകുവാൻ എല്ലാ സമർപ്പിതർക്കും സാധിക്കട്ടെ.







# ദൈവം എവിടെ?

**ഫാ. ഷിബു പുളിക്കൽ**
**റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി, കല്യാൺ രൂപത**

**വി.** ഗ്രന്ഥത്തിൽ ദൈവം ചോദിക്കുന്ന ധാരാളം ചോദ്യങ്ങളുണ്ട്. ‘ ആദം നീ എവിടെ’ (ഉത്പത്തി 3:10) എന്നുള്ള ചോദ്യത്തിൽ ആരംഭിച്ച് “സാവൂൾ, സാവൂൾ നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു” (നട 9,4). എന്നുള്ള ചോദ്യത്തിൽ എത്തിനിൽക്കുമ്പോൾ ദൈവത്തിന്റെ മനുഷ്യനോടുള്ള ചോദ്യത്തിന് അവസാനമായി എന്നു ചിന്തിക്കരുത്. ലോകത്തിന്റെ ആരംഭം മുതൽ അവസാനം വരെ ദൈവം മനുഷ്യനോട് ചോദിച്ച ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്. ഒരേ ചോദ്യപേപ്പറാണ് എല്ലാവർക്കും ലഭിക്കുന്നത്. ചോദ്യങ്ങളൊക്കെ

നേരത്തെ തന്നിട്ടാണ് ഉത്തരങ്ങൾ ആവശ്യപ്പെടുന്നത്.

കേസറിയാ ഫിലിപ്പി പ്രദേശത്തുകൂടെ നടന്നുപോകുന്ന ഈശോ വളരെ പ്രധാനമായ ഒരു ചോദ്യം ശിഷ്യരോട് ചോദിക്കുകയാണ്. "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്'' (മത്താ 16,13). യഥാർത്ഥത്തിൽ ദൈവത്തെയും ദൈവത്തിന്റെ സ്വഭാവത്തെയും മനുഷ്യനു മനസിലായോ എന്നറിയുക എന്നതായിരിക്കണം ഈ ചോദ്യത്തിന്റെ ലക്ഷ്യം.

സ്വന്തം സ്വാർത്ഥതയ്ക്കുവേണ്ടി മാത്രം ദൈവത്തെ അന്വേഷിക്കുന്നവർക്ക്, ദൈവം എപ്പോഴും കാര്യസാധ്യത്തിനുവേണ്ടിയുള്ള ഒരു ഉപകരണം മാത്രമാണ്. നിയമത്തിനും അനുഷ്ഠാനങ്ങൾക്കും അപ്പുറത്തുള്ള ഒരു ദൈവത്തെക്കുറിച്ച് ചിന്തിക്കാൻ അവൻ തയ്യാറല്ല. മിശിഹാ സക്രാരിയിൽ മാത്രം വസിക്കേണ്ടവനല്ലെന്നുള്ള സത്യം നാം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ദൈവത്തെ കാണാൻ വേണ്ടി ചവിട്ടിക്കയറുന്ന ചവിട്ടുപടികൾ സ്വർണ്ണം കൊണ്ടലങ്കരിക്കുമ്പോഴും ദൈവാലയത്തിലെ എല്ലാ കുരിശുകളും സ്വർണ്ണം പൂശിയതാണെന്ന് അഹങ്കരിക്കുമ്പോഴും യഥാർത്ഥ ദൈവത്തെ തിരിച്ചറിയാൻ മനുഷ്യന് ഇനിയും കഴിയുന്നില്ലല്ലോ.

പെരുമഴക്കാലമായിരുന്നു. പള്ളിയിൽ വച്ച് കല്യാണം നടന്നു. ഊട്ടുപന്തലിൽ വെള്ളം കയറി. സദ്യ കൊടുക്കാൻ വേറൊരു സാധ്യതയുമില്ലാത്തതിനാൽ പള്ളിക്കകത്തു വെച്ച് കൊടുത്തോട്ടെയെന്ന് വീട്ടുകാർ ചോദിച്ചപ്പോൾ വികാരിയച്ചൻ സമ്മതം മൂളി. ഒരൊറ്റകണ്ടീഷൻ- ദൈവസാന്നിദ്ധ്യത്തിന് അനാദരവു വരുത്തുന്നതൊന്നും പള്ളിക്കകത്ത് ഉണ്ടാകരുത്. വികാരിയച്ചന് കൊടുത്തവാക്ക് പാലിക്കപ്പെട്ടില്ല. ബഹളം തുടങ്ങി, പള്ളിക്കമ്മറ്റിക്കാർ അച്ചന്റെ അടുത്തെത്തി സദ്യക്ക് പള്ളി കൊടുത്തത് ശരിയായില്ലെന്ന് പറഞ്ഞു. അച്ചൻ വളരെ ശാന്തനായി പറഞ്ഞു: " പണ്ട് ഇതുപോലൊരു വിരുന്നിൽ കാനായിൽ മിശിഹായും കൂടെ ഉണ്ടായിരുന്നില്ലേ". കൂട്ടത്തിൽ പ്രായം ചെന്ന ചേട്ടൻ ചാടിയെഴുന്നേറ്റു. അയാൾ പറഞ്ഞു: ''കാര്യമൊക്കെ ശരിതന്നെ, പക്ഷേ അന്ന് അവിടെ സക്രാരിയില്ലായിരുന്നു, മനസിലായോ?" "മനസിലായി" എല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു.

മിശിഹാ സക്രാരിയിൽ മാത്രം വസിക്കേണ്ടവനല്ല. സക്രാരി മിശിഹായുടെ സാന്നിദ്ധ്യം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, എന്റെ ചുറ്റുപാടുള്ളവരിലും മിശിഹായെ ദർശിക്കാൻ എനിക്ക് സാധിക്കണം. തെരുവിൽ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി നിന്റെ നേരേ കൈനീട്ടുന്നവന്റെ മുഖത്തേക്ക് ഒന്ന് നോക്കുക. അവിടെ നിനക്ക് മിശിഹായെ കാണാൻ കഴിയും. ഫുട്പാത്തുകളിൽ ഒരു ഒറ്റമുണ്ടും പുതച്ച് കിടന്നുറങ്ങുന്നവനിലും വയലിലും പാറമടയിലും പണിയെടുക്കുന്ന തൊഴിലാളികളിലും, നിന്റെ തൊട്ടടുത്തിരുന്ന് യാത്ര ചെയ്യുന്ന സഹയാത്രികനിലും മിശിഹായെ കാണാൻ നിനക്കു കഴിയണം.

സക്രാരിയിൽ ഇരിക്കുന്ന ഈശോയെ തിരിച്ചറിയാനും ഏറ്റുപറയാനും എളുപ്പമാണ്. എന്നാൽ, നിന്റെ ഹൃദയത്തിൽ ദൈവം വസിക്കുന്നതുപോലെതന്നെ മറ്റുള്ളവരിലും വസിക്കുന്നു എന്ന തിരിച്ചറിവ് നിന്നിൽ ഉണ്ടായാൽ പത്രോസിനോടെന്നപോലെ നിന്നോടും അവിടുന്നു പറയും : "മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിതന്നത്" (മത്താ 16,17).





# സെനക്കിൾ തരംഗം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ദിവ്യമണവാളനായ മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന സുന്ദരമായ യാഥാർത്ഥ്യമാണല്ലോ ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുക. മിശിഹാ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു (എഫേ 5,25). തന്റെ ശരീരരക്തങ്ങൾ ഭക്ഷണവും പാനീയവുമായി നല്കി അവളെ അവിടുന്ന് അനുദിനം വിശുദ്ധിയിൽ വളർത്തുന്നു. പരിശുദ്ധനായ പിതാവിനു സമർപ്പിക്കുവാൻ തക്കവിധം തന്റെ വചനംകൊണ്ടും കൂദാശകൾകൊണ്ടും അവളെ പരിപോഷിപ്പിക്കുകയും സുകൃതങ്ങൾകൊണ്ട് അവളെ അലങ്കരിക്കുകയും ചെയ്യുന്നു. ദിവ്യമണവാളനായ മിശിഹായുടെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നവരെന്ന നിലയിൽ നാം സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി നമ്മെത്തന്നെ സമർപ്പിക്കുകയും വേണം. നമ്മുടെ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും മറ്റ് അജപാലനശുശ്രൂഷകളും ദിവ്യമണവാളനായ മിശിഹായുടെ സ്നേഹത്തോടെ നിർവഹിക്കാം. നമ്മുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടവരെ സ്നേഹത്തിന്റെയും വിശുദ്ധിയുടെയും മാർഗത്തിലൂടെ നയിക്കാം. അപ്രകാരം മിശിഹായുടെ മണവാട്ടിയായ സഭയെ അവിടുത്തെ അന്ത്യാത്മക സമർപ്പണത്തിനായി ഒരുക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2015 ഓഗസ്റ്റ് 24 മുതൽ 31 വരെ ഇറ്റലിയിൽ ജനോവായ്ക്കടുത്തുള്ള 'ബെൽപിയാനോ'യിൽവച്ച്, ഇറ്റാലിയൻ സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗും നടന്നു. ഇന്ത്യയിൽനിന്നും ജനറൽ മേജർ ഫാദറും സെക്രട്ടറിയും അതിൽ പങ്കുചേർന്നു. പ്രോസാങ്ടിറ്റി മൂവ്മെന്റിന്റെ നാഷണൽ കൺസൾട്ടറായ ബിഷപ് സൽവത്തോരെ ദിക്രിസ്തീനാ 25,26,27 തീയതികളിൽ ധ്യാനപ്രസംഗങ്ങൾ നടത്തി. സെനക്കിൾ അനുഭവത്തിന്റെയും പൗരോഹിത്യാഭിഷേക പ്രാർത്ഥനയുടെയും വെളിച്ചത്തിലുള്ള ധ്യാനവിചിന്തനങ്ങൾ ഏറെ പ്രചോദനാത്മകമായിരുന്നു. 28,29 തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് നടന്നു. സൊദാലെസിന്റെ കോൺസ്റ്റിറ്റ്യൂഷന്റെ കമന്ററി, തുടർപരിശീലന പ്രോഗ്രാം എന്നിവ കൗൺസിൽ ചർച്ച ചെയ്യുകയും, അവയ്ക്ക് അന്തിമരൂപം നല്കുകയും ചെയ്തു. ഇന്ത്യയിലെ സൊദാലെസിന്റെ നാഷണൽ മേജർ ഫാദർ, ബഹു. ജോസഫ് ചാലാശ്ശേരിയച്ചൻ ബെൽപിയാനോയിലെ ഇടവകദൈവാലയത്തിൽവച്ച് ഓഗസ്റ്റ് 29-ാം തീയതി, പരി. കുർബാന മദ്ധ്യേ തന്റെ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള നിത്യവ്രതവാഗ്ദാനം നടത്തുകയുണ്ടായി. 2015 സെപ്റ്റംബർ 21-ാം തീയതി ഐക്കരച്ചിറ ഇടവകയിൽവച്ച് സൊദാലെസ് വൈദികരുടെ നേതൃത്വത്തിൽ സമർപ്പിതസംഗമം നടന്നു. മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ പ്രഭാഷണത്തോടെ ആരംഭിച്ച സമർപ്പിതരുടെ അനുഭവം പങ്കുവയ്ക്കൽ, പരി. കുർബാന, സമർപ്പിതരെ ആദരിക്കൽ, പൊതുസമ്മേളനം തുടങ്ങിയ പരിപാടികൾക്ക് ബഹു. വികാരി ജോസഫ് പുത്തൻപറമ്പിലച്ചൻ നേതൃത്വം നല്കി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# 'മെനു'വിന്റെ ലിസ്റ്റ്

ഷിനി തെരേസ് മുതുപ്ലാക്കൽ

"ആരാ? എന്താ? എവിടുന്നാ?"

"മെനു"

"എന്തു മെനു? എവിടുത്തെ മെനു? ഞാനാരോടും ഒന്നും ആവശ്യപ്പെട്ടിരുന്നില്ലല്ലോ"

''എന്റെ പേരാ മെനു. ഗ്രാന്റ്പ്പായും ഗ്രാന്റ്മ്മായും ഭാഷാസ്നേഹികളായ ഇംഗ്ലീഷ് ടീച്ചേഴ്സ് ആയിരുന്നു. അവരുടെ പേരുകളായ മാത്യുവിന്റെയും നാൻസിയുടെയും ആദ്യാക്ഷരങ്ങളും ഹൗസ്നെയിമിന്റെ 'ഉ' കാരവും ഇംഗ്ലീഷ് അക്ഷരമാലയിലെ വവ്വൽസും ചേർത്ത് അവർ കൊച്ചുമക്കൾക്കെല്ലാം പേരിട്ടു – മനു, മെനു, മിനു, മോനു, മുനു."

തട്ടുകടയിലെ മെനുപോലെ അല്പം നീണ്ട ലിസ്റ്റുകേട്ടപ്പോൾ തോന്നിയ സന്തോഷം മറച്ചുവച്ചില്ല. "കൊള്ളാം, നിങ്ങളുടെ മാതാപിതാക്കന്മാരെ അഭിനന്ദിക്കണം. ഇക്കാലത്ത് അഞ്ചു മക്കളുള്ളത് വലിയ കാര്യംതന്നെ! അത്യാഗ്രഹമെന്നു തോന്നിയാലും ഒരാഗ്രഹം... നിങ്ങളുടെ മാതാപിതാക്കൾ മലയാളം അദ്ധ്യാപകരായിരുന്നെങ്കിൽ..." മനസ്സിൽ മലയാളത്തിലെ സ്വരാക്ഷരങ്ങളുടെ എണ്ണമെടുത്തുകൊണ്ട് പറഞ്ഞുനിർത്തുന്നതിനുമുമ്പുതന്നെ മെനു ഇടപെട്ടു.

"തെറ്റിദ്ധരിക്കരുത്. ഗ്രാന്റ്പേരന്റ്സിന്റെ അഞ്ചു മക്കൾക്കുംകൂടെയുള്ളവരാ ഞങ്ങൾ നാലരയെണ്ണം."

"നാലരയോ!" അത്യാഗ്രഹം ചമ്മലായി ത്തീർന്നെങ്കിലും ഈ എണ്ണം കേട്ടപ്പോഴുണ്ടായ അത്ഭുതം മറച്ചുവച്ചില്ല.

"അഞ്ചാമത്തേതിനെ അരയായേ കൂട്ടാൻ പറ്റൂ. കുഞ്ഞാന്റിക്കിത് അഞ്ചാം മാസമാ. അതിപ്പോ ആണായാലും പെണ്ണായാലും മുനു എന്ന് പേരിടുന്നതിന് കുഴപ്പമൊന്നുമില്ലല്ലോ." മെനുവിന്റെ നാക്കിന് ഫൈവ് സ്റ്റാർ ഹോട്ടലിലെ മെനുവിന്റെ നീളം!!

"ഇപ്പോൾ അഞ്ചുപേർക്കുംകൂടെ നാലരയെണ്ണമേയുള്ളുവെങ്കിൽ നിങ്ങളുടെ സമയമാകുമ്പോൾ എല്ലാവർക്കുംകൂടെ ഒരു കുഞ്ഞുകാൽ എങ്കിലും കാണുമോന്നാ സംശയം."

"അതിനു കാലമാകുമ്പോഴേക്കും എന്റെ കാൽ കാണുമോന്നാ എന്റെ സംശയം" പോക്കറ്റിൽനിന്നും ഒരു പേപ്പറെടുത്ത് നിവർത്തി നീട്ടിക്കൊണ്ട് മെനു പറഞ്ഞു.

കുനുകുനാ എഴുതിയിരിക്കുന്ന കുറേ പേരുകൾ കണ്ടിട്ട് ഒന്നും മനസ്സിലായില്ലെന്നു മനസ്സിലാക്കിയ മെനു വിശദീകരിച്ചു. "ചെറിയൊരു ക്വട്ടേഷൻ സംഘത്തിലെ ചെറിയൊരു അംഗമാണു ഞാൻ"

"ങ്ഹേ..." ഉള്ളിലെ ഞെട്ടൽ അറിയാതെ പുറത്ത്! അതൊരു ഏമ്പൊക്കമായി മാറ്റി, വാളോ ബോംബോ വല്ലതും കൊണ്ടുവന്നിട്ടുണ്ടോ എന്ന് പാളിനോക്കുന്നതിനിടയിൽ അവൻ തുടർന്നു... "ആദ്യം കാണുന്നത് എന്റെ സംഘത്തിലുള്ളവരുടെ പേരുകൾ. രണ്ടാമത്തെ ലിസ്റ്റിലുള്ളത് ഞങ്ങൾ പല തരത്തിൽ ആക്രമിച്ചിട്ടുള്ളവരുടെ പേരുകൾ."

"ഇതെല്ലാമായി ഇങ്ങോട്ടു വന്നതെന്തിനാണാവോ? ഇതു പോലീസ്സ്റ്റേഷനല്ല." വാക്കുകൾക്ക് ഉദ്ദേശിച്ചത്ര ഗൗരവം വന്നില്ലെന്നു മാത്രമല്ല, പരിഭ്രാന്തിയുടെ 'സംഗതി' വരികയും ചെയ്തു.

"പേടിക്കേണ്ട. ഞാൻ ഉപദ്രവിക്കുകയൊന്നുമില്ല. ഉള്ളിൽ ലഹരി ചെന്നാലേ ആക്രമിക്കാനുള്ള ധൈര്യമൊക്കെയുണ്ടാകൂ... ഇരുപതു വയസ്സായപ്പോഴേക്കും ഞാനുണ്ടാക്കിയ സമ്പാദ്യം വീട്ടുകാരുടെ കണ്ണീരും നാട്ടുകാരുടെ ശാപവും കുറേപ്പേരുടെ ശത്രുതയും ലഹരിയുടെ കൂട്ടുമാ. ഒക്കെ മടുത്തു. അമ്മയുടെ തോരാത്ത കണ്ണീർ കാണുമ്പോൾ ചീത്ത കൂട്ടുകെട്ടെല്ലാം വിട്ട് നന്നാകണമെന്നാഗ്രഹമുണ്ട്. പക്ഷേ, ഗ്രൂപ്പിൽനിന്നു മാറിയാൽ കയ്യും കാലും വെട്ടുമെന്ന എന്റെ സംഘത്തിലുള്ളവരുടെ ഭീഷണിയും, ഞാൻ നേരത്തെ ആക്രമിച്ചിട്ടുള്ളവർ തിരിച്ചടിക്കുമെന്ന പേടിയുമൊക്കെക്കൂടി എന്തുചെയ്യണമെന്നറിയില്ല. അല്പം സമാധാനത്തിനുവേണ്ടി വീണ്ടും ലഹരിയുടെ പിന്നാലെ കൂടും. അതിന്റെ കെട്ടുവിട്ടുകഴിയുമ്പോൾ വീണ്ടും പ്രശ്നം. എനിക്കെങ്ങനെയെങ്കിലും ഒന്നു രക്ഷപെടണം." ദയനീയഭാവത്തിൽ മെനു പറഞ്ഞു നിർത്തി.

തെറ്റിന്റെ അഴുക്കുചാലിൽ വീണൊഴുകുന്ന അനേകം കൗമാരപ്രായക്കാരുടെയും യുവാക്കളുടെയും ഒരു പ്രതിനിധി മാത്രമാണ് മെനു. തങ്ങൾ ആഗ്രഹിക്കുന്ന അടിപൊളിജീവിതവും ലഹരിയുടെ മായാക്കാഴ്ച്ചകളും, അതിനു ധനം ആർജ്ജിക്കുന്നതിനായി കണ്ടെത്തുന്ന മാർഗങ്ങളുമെല്ലാം നഷ്ടങ്ങളുടെ ചതുപ്പുനിലത്തേക്കാണ് എത്തിക്കുന്നതെന്ന് അവരിൽ ഭൂരിഭാഗവും തിരിച്ചറിയുന്നില്ല. യഥാർത്ഥ സന്തോഷവും സമാധാനവും പ്രസരിപ്പും മാനസികശാരീരികആത്മീയആരോഗ്യവും മറ്റു പലതും അവർക്കു നഷ്ടപ്പെടുന്നു. മായാലോകത്തിന്റെ ക്ഷണികമായ സന്തോഷസുഖാനുഭവങ്ങളുടെ ചെളിക്കുണ്ടിൽ താഴ്ന്നു താഴ്ന്ന് സ്വയം രക്ഷപെടാൻ സാധിക്കാത്ത അവസ്ഥയിൽ, അവരിൽ ചിലരെങ്കിലും തിരിഞ്ഞുനോട്ടത്തിന്റെയും തിരിച്ചറിവിന്റെയും തിരുത്തലിന്റെയും പാതയിൽക്കൂടി സഞ്ചരിക്കാൻ ആഗ്രഹിക്കും.

പഴിക്കരുതവരെ... രക്ഷയുടെ തുരുത്തിലേക്ക് നീന്തിയണയാനുള്ള ആത്മബലം അവർക്കു പകരണം. പശ്ചാത്താപത്തിന്റെ മിഴിനീരിന് പാഴ്നിലങ്ങളെ ഫലഭൂയിഷ്ടമാക്കാനുള്ള കരുത്തുണ്ട്. ഉടച്ചുവാർക്കാൻ കഴിവുള്ള ആത്മീയശില്പിയുടെ കരങ്ങളിൽ അവരെ ഭരമേല്പിക്കണം. "പ്രിയപ്പെട്ടവരേ, നിങ്ങളുടെ ആത്മാവിനെതിരായി പോരാടിക്കൊണ്ടിരിക്കുന്ന ശാരീരിക പ്രവണതകളിൽനിന്നു പരദേശികളും വിപ്രവാസികളുമെന്ന നിലയിൽ, ഒഴിഞ്ഞുനില്ക്കാൻ നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു" (1 പത്രോ 2,11) എന്ന പത്രോസ്ശ്ലീഹായുടെ വാക്കുകൾ ലോകത്തിന്റെയും ലോകത്തിന്റേതായവയുടെയും നശ്വരതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. നിത്യജീവിതത്തിനാവശ്യമായവ നേടേണ്ടതിന്റെ ആവശ്യകതയും ഇതിൽനിന്നു വ്യക്തമാണല്ലോ. വളരുന്ന തലമുറയുടെ ലഹരി ആത്മീയതയാകട്ടെ. സ്നേഹവും സന്തോഷവും സമാധാനവും ക്ഷമയുമൊക്കെയാകുന്ന ഫലങ്ങൾ അവരിൽ നിറയട്ടെ. അത് അവരെ സ്വർഗസൗഭാഗ്യത്തിൽ എത്തിക്കട്ടെ.

നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# സമാധാനമല്ല, വാൾ...

*"ഭൂമിയിൽ സമാധാനമാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്നു നിങ്ങൾ വിചാരിക്കരുത്; സമാധാനമല്ല, വാളാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത്" (മത്താ 10,34) എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?* **ക്രിസ്റ്റി മേരി, രാമപുരം**

രക്ഷകനായ മിശിഹായുടെ ആഗമനം സമാധാനത്തിന്റെ ഒരു യുഗപ്പിറവിയായാണ് വി. ഗ്രന്ഥം വെളിപ്പെടുത്തുന്നത്. സമാധാനത്തിന്റെ രാജാവായാണ് ഏശയ്യാപ്രവാചകൻ രക്ഷകനെ വിശേഷിപ്പിക്കുന്നത് (ഏശ 9,6). "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 2,14) എന്നാണല്ലോ ഈശോയുടെ ജനനസമയത്ത് മാലാഖമാർ പാടിയത്. ഈശോയുടെ വാക്കുകളും അത്ഭുതങ്ങളും ജീവിതവുമെല്ലാം ഈ ഗീതം അന്വർത്ഥമാക്കുന്നതായിരുന്നു. ഉത്ഥാനശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ഈശോ അവർക്കു സമാധാനം ആശംസിക്കുകയാണ് ആദ്യമായി ചെയ്തത്. സമാധാനവാഹകരാകാൻ തന്റെ ശിഷ്യന്മാരെ അവിടുന്ന് ഉദ്ബോധിപ്പിക്കുന്നുമുണ്ട് (മത്താ 10,13). ഇപ്രകാരം സമാധാനത്തിന്റെ രക്ഷകനായി അവതരിച്ച ഈശോ സമാധാനമല്ല, വാളാണു കൊണ്ടുവന്നിരിക്കുന്നത് എന്നു പ്രസ്താവിക്കുമ്പോൾ അത് ആശ്ചര്യകരമായിത്തോന്നും.

യുഗാന്ത്യോന്മുഖ സമാധാനമല്ല ഈശോ ഇവിടെ വിവക്ഷിക്കുന്നത് എന്നതാണ് ആദ്യം മനസ്സിലാക്കേണ്ടത്. കർത്താവിന്റെ സുവിശേഷം ജനമധ്യത്തിൽ പ്രഘോഷിക്കപ്പെടുമ്പോൾ ശ്രോതാക്കൾ അതിന് അനുകൂലമായോ പ്രതികൂലമായോ പ്രതികരിക്കും. പ്രതികൂലമായി പ്രത്യുത്തരിക്കുന്നവരിൽനിന്ന് വിരോധവും എതിർപ്പുമെല്ലാം ഉണ്ടാകും. ഒരേ വീട്ടിൽ ഉള്ളവർതന്നെയാണെങ്കിലും അവരിൽ ഒരാൾ ഈശോയുടെ വാക്കുകൾ സ്വീകരിക്കുകയും വേറൊരാൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവിടെ ഭിന്നത ഉളവാകുക സ്വാഭാവികമാണല്ലോ. "ഒരുവനെ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായിയമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. സ്വന്തം കുടുംബത്തിൽപെട്ടവർതന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ" എന്ന് മിക്കാ 7,6 ഉദ്ധരിച്ചുകൊണ്ട് ഈശോ പറയുന്നത് ഇതിനാലാണ് (മത്താ 10,35-36). അന്ധകാരത്തിന്റെയും പ്രകാശത്തിന്റെയും ശക്തികൾ തമ്മിലുണ്ടാകുന്ന ഭിന്നതയാണിത്.

വ്യാപകാർത്ഥത്തിൽ ഈ വാക്യത്തിന് മറ്റൊരു സൂചനകൂടിയുണ്ട്. പ്രവർത്തനരാഹിത്യത്തിൽനിന്നുളവാകുന്ന സമാധാനം ഈശോ ആഗ്രഹിക്കുന്നില്ല. ലോകത്തിലെ അനീതിയോടും അക്രമത്തോടും മറ്റ് തിന്മയുടെ ശക്തിയോടും ഏറ്റുമുട്ടി അവയെ ഇല്ലാതാക്കുമ്പോൾ അനുഭവപ്പെടുന്ന സമാധാനമാണ് യഥാർത്ഥമായത്. നിഷ്ക്രിയത്വത്തിലൂടെ കൈവരിക്കുന്ന 'സമാധാനം' അനീതിയെ ശാശ്വതീകരിക്കുന്ന ഒന്നായിരിക്കും. ഈശോ വിഭാവനം ചെയ്യുന്ന സമാധാനം സംസ്ഥാപിക്കുവാൻ അനീതിയ്ക്കെതിരായി വാൾ എടുക്കേണ്ടിവരും. അപ്പോൾ അസ്വസ്ഥതകൾ അനുഭവപ്പെടുക സ്വാഭാവികമാണ്. അവയെ നേരിടാൻ മിശിഹായുടെ ശിഷ്യർക്കു കഴിയണം.







# പന്ത്രണ്ട്

**റ്റെസ്സി കറുകപ്പറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ബൈ**ബിളിൽ നിരവധിയായ സംഖ്യകൾ പലയിടത്തായി ഉപയോഗിക്കുന്നുണ്ട്. പ്രത്യേകിച്ച് സംഖ്യയുടെ പുസ്തകത്തിൽ സംഖ്യകളുടെ ഒരു ഘോഷയാത്ര തന്നെയുണ്ട്. എന്നാൽ ചില ഉൾക്കാഴ്ചകളിലൂടെ എന്നെ കടത്തിവിട്ട സംഖ്യയാണ് '12' (പന്ത്രണ്ട്). ഈശോയുടെ ജീവിതത്തിൽ അതിപ്രധാനമായ സംഭവം നടക്കുന്നത് 12 വയസ്സിലാണ്. അവനു പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനു പോയി" (ലൂക്കാ 2,42). ചെറുപ്രായത്തിൽതന്നെ മറ്റുള്ളവരുടെ പ്രീതിക്കും, വിസ്മയത്തിനും പാത്രമാകുന്ന നലമാർന്ന വ്യക്തിത്വത്തിന്റെ ഉടമയായാണ് ഈശോയെ നാം കാണുക. "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ" എന്ന ഈശോയുടെ ചോദ്യം ദൈവത്തോട് ചേർന്നുനിൽക്കേണ്ട, പക്വതയുടെ വഴിയിലൂടെ ചരിക്കാൻ ആരംഭമിടേണ്ട ഏതൊരു ബാലികാ - ബാലന്മാരുടെയും ജീവിതപാതയിലേക്ക് വിരൽചൂണ്ടുന്നു.

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളുടെ ഒരു നമ്പരായി 12നെ പഴയനിയമത്തിലും പുതിയ നിയമത്തിലും നമുക്കു കാണാൻ കഴിയും. യാക്കോബിന്റെ 12 മക്കളിലൂടെ ഇസ്രായേലിൽ 12 ഗോത്രങ്ങൾ ഉണ്ടായിരുന്നു. ഓരോ ഗോത്രത്തിനും ദൈവതിരുമുമ്പിൽ പ്രത്യേകം ഉത്തരവാദിത്വങ്ങളുമുണ്ടായിരുന്നു. പുതിയനിയമത്തിൽ ഈശോയും ഇതുപോലെ തന്റെ ശിഷ്യന്മാരിൽ നിന്നും 12 പേരെ പ്രത്യേകമായി തിര




ഞ്ഞെടുക്കുകയും അവർക്ക് ശ്ലീഹന്മാർ എന്ന് പേര് നൽകുകയും ചെയ്യുന്നു (ലൂക്കാ 6,13).

ഓർമ്മകളെ ഉണർത്തുന്ന സംഖ്യയാണ് 12. ജോഷ്വ 4,9–ൽ ജോർദ്ദാൻ നദിയുടെ മധ്യത്തിൽ വാഗ്ദാനപേടകം വഹിച്ച സ്ഥലത്ത് 12 കല്ലുകൾ കൊണ്ട് ഒരു സ്മാരകം ജോഷ്വ പണിതു. ദൈവപരിപാലനയുടെ, വാത്സല്യത്തിന്റെ ഓർമ്മയായിരുന്നു അത്. ഇസ്രായേലിന് ബന്ധങ്ങളുടെ ഊഷ്മളതയെ ഉണർത്തുന്ന വർഷങ്ങളായും ഇത് നിലകൊള്ളുന്നു.

## സൗഖ്യമേകുന്ന നമ്പറാണിത്

മർക്കോസ് 5,25–ൽ 12 വർഷമായി രക്തസ്രാവമുണ്ടായിരുന്ന ഒരു സ്ത്രീ. അവൾ ഈശോയെക്കുറിച്ച് കേട്ടിട്ടേയുണ്ടായിരുന്നുള്ളു. ആദ്യമായി ഈ ജനക്കൂട്ടത്തിനിടയിൽ വച്ച് കണ്ടപ്പോൾ അവന്റെ വസ്ത്രത്തിലൊന്നു തൊട്ടാൽ താൻ സുഖം പ്രാപിക്കും എന്ന് മനസ്സിൽ വിചാരിച്ചതേയുള്ളൂ. നോക്കുക നമ്മുടെ ഉള്ളിലെ ചെറിയ വിചാരങ്ങൾ പോലും അറിഞ്ഞ് നമുക്ക് സൗഖ്യവും ആനന്ദവും പകർന്നു തരാൻ ഈശോയ്ക്ക് കഴിയും. 12 വർഷങ്ങളായി ഈ സ്ത്രീയുടെ ഉള്ളിൽ ഒരു നെരിപ്പോട് കത്തുകയായിരുന്നു.

നമ്മുടെയെല്ലാം ജീവിതത്തിൽ ഇതുപോലെ ജീവിതം വഴിയടഞ്ഞുപോയ വർഷങ്ങളുണ്ടാകാം.... 'ഇനി ജീവിച്ചിട്ട് കാര്യമില്ല' എന്ന പൈശാചിക ചിന്ത അലട്ടിയിട്ടുണ്ടാകാം അതേ, സഹനങ്ങളും രോഗങ്ങളും പ്രശ്നങ്ങളും നമ്മെ തളർത്തും. എന്നാൽ എല്ലാറ്റിനും ഒരു സമയമുണ്ട്. അവന്റെ ഇടപെടലുകൾക്കായി നമ്മെ ഒരുക്കുന്ന വർഷങ്ങളാണിവ.

## കാത്തിരിപ്പിന്റെ ഒരു നമ്പറാണിത്

ജായ്റോസ് തന്റെ കൊച്ചുമകൾക്കായി ഈശോയെ ധൃതിയിൽ കൊണ്ടുപോകുന്നതിനിടയിലാണ് സങ്കടകരമായ വാർത്തയെത്തുന്നത്. മകൾ മരിച്ചു എന്ന വാർത്ത എന്നാൽ ഈശോ പറയുന്നു: ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക എന്ന്. ദൈവം നമ്മുടെയൊക്കെ ജീവിതത്തിൽ അനുവദിക്കുന്ന വേദനകളുടെയും മുറിച്ചുമാറ്റലിന്റെയും അർത്ഥം മനസ്സിലാക്കാൻ നാം ശാന്തതയോടെ കാത്തിരിക്കണം. അവനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് കാത്തിരിക്കണം. ഉപകാരമില്ലെന്ന് നാം കരുതുന്ന രോഗങ്ങളും വേദനകളും തകർച്ചകളുമായിരിക്കാം നമ്മുടെ ജീവിതത്തെ മനോഹരമാക്കുക...... ഉണർവ്വുള്ളതാക്കുക..... വിശുദ്ധീകരിക്കുക.

വെളിപാട് പുസ്തകം 21,12 ൽ സ്വർഗ്ഗീയ ജറുസലേമിനെക്കുറിച്ചുള്ള വിവരണത്തിൽ പന്ത്രണ്ട് എന്ന സംഖ്യ നിരവധി തവണ ഉപയോഗിച്ചിരിക്കുന്നതായി നമുക്കു കാണാം. സ്വർഗ്ഗീയ ജറുസലേമിന് 12 കവാടങ്ങളുണ്ട്. ആ കവാടങ്ങളിൽ 12 ഗോത്രങ്ങളുടെ പേരുകൾ ആലേഖനം ചെയ്തിരിക്കുന്നു. അവിടെ 12 ദൂതന്മാർ കാവൽ നിൽക്കുന്നു. നഗരത്തിന്റെ മതിലിന് 12 അടിസ്ഥാനങ്ങൾ. അവയിൽ കുഞ്ഞാടിന്റെ 12 ശ്ലീഹന്മാരുടെ പേരുകൾ. നഗരവീഥിയുടെ മധ്യത്തിൽ ജീവജലത്തിന്റെ നദിയുടെ ഇരുഭാഗങ്ങളിലുമായി 12 തരം ഫലങ്ങൾ കായ്ക്കുന്ന ജീവന്റെ വൃക്ഷം നിൽക്കുന്നു.

പന്ത്രണ്ട് ഒരുവന്റെ ജീവിതത്തിൽ ദൈവസ്നേഹത്തിൽ ആഴപ്പെടാനുള്ള കാത്തിരിപ്പിന്റെ വർഷങ്ങളാകാം. ദൈവത്തിന്റെ വഴിനടത്തലുകളുടെ 'ഓർമ്മ' ഉണർത്തുന്ന സ്മാരകമാകാം. അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പ് അസാധ്യമെന്നു കരുതി വീണുപോയ മരണക്കിടക്കയിൽ നിന്നുള്ള പുനർജന്മമാകാം.

ഓർക്കുക എല്ലാം ദൈവദാനമാണ്. അവിടുത്തെ വഴികൾ നിഗൂഢമായിരിക്കുമ്പോഴും നമ്മെ വലയം ചെയ്യുന്ന സ്നേഹത്തിന്റെ കരങ്ങൾ ദർശിക്കുവാനുള്ള വിശ്വാസം ഉണ്ടായിരിക്കുക.






സൗമ്യ കാഞ്ഞിരക്കാട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**

*"എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു; എന്റെ ഹൃദയം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1.46).*

തനിക്കു നൽകിയ ദൈവികദാനത്തിന് നന്ദി പറയുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം. പരി. അമ്മേ, മാതാവേ, അനുദിനജീവിതത്തിലെ ഓരോ സാഹചര്യത്തിലും കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിൽ നിന്നും ലഭിക്കുന്ന ദൈവകൃപയെ കണ്ടെടുത്ത് അവയ്ക്ക് നന്ദിപറയുന്ന ഒരു ഹൃദയം ഞങ്ങൾക്കു നൽകുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**രണ്ടാം ദിവ്യരഹസ്യം**

*"അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" (ലൂക്കാ 1, 48).*

തന്റെ ജീവിതത്തിലെ ഓരോ സാഹചര്യത്തെയും എളിമയോടെ സ്വീകരിച്ചുകൊണ്ടു തന്നെത്തന്നെ വിട്ടുകൊടുക്കുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, ഞങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ, പ്രവർത്തിക്കുന്ന തലങ്ങളിൽ അമ്മയെപ്പോലെ സ്നേഹാധിഷ്ഠിതമായ എളിമയിൽ ജീവിക്കുവാനുള്ള കൃപാവരം ഞങ്ങൾക്ക് നൽകുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**മൂന്നാം ദിവ്യരഹസ്യം**

*"ഇതാ ഇപ്പോൾ മുതൽ സകല തലമുറയും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും" (ലൂക്കാ 1,48).*

ദിവ്യമാതൃത്വത്തിന്റെ ആനന്ദവും കന്യാത്വത്തിന്റെ മഹത്ത്വവും ഒരേ സമയത്ത് അനുഭവിച്ചറിഞ്ഞ പരി. അമ്മയെ നമുക്കു ധ്യാനിക്കാം. പരി. അമ്മേ, ഞങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ഏറ്റവും നിഷ്ഠയോടെ ജീവിക്കുവാനും കണ്ടുമുട്ടുന്ന ഓരോ സഹോദരങ്ങളിലും ദൈവസ്നേഹം പകർന്നു നൽകുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**നാലാം ദിവ്യരഹസ്യം**

*"ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്" (ലൂക്കാ 1,49).*

സ്വർഗ്ഗവാസികളോട് ചേർന്ന് ദൈവത്തെ പരിശുദ്ധൻ എന്ന് പാടിപ്പുകഴ്ത്തിക്കൊണ്ട് അവിടുത്തെ മഹത്ത്വം പ്രഘോഷിക്കുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി.അമ്മേ, ദൈവസ്നേഹത്തിന്റെ പ്രഘോഷണവുമായി ഞങ്ങളുടെ സഹോദരങ്ങളുടെ ഇടയിലേക്ക് കടന്നുചെല്ലുമ്പോൾ ഞങ്ങളുടെ ഓരോ പ്രവർത്തനത്തിലൂടെയും ദൈവത്തെ മഹത്ത്വപ്പെടുത്തുവാനുള്ള കൃപ ഞങ്ങൾക്കു നൽകുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**അഞ്ചാം ദിവ്യരഹസ്യം**

*"അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും" (ലൂക്കാ 1, 50).*

ദൈവപിതാവിന്റെ കരുണയ്ക്കു പാത്രമായി അനുദിനം വിശുദ്ധിയിൽ വളർന്നുവന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

പരി. അമ്മേ, ദൈവദാനമായി ലഭിച്ച ഞങ്ങളുടെ ജീവിതത്തിൽ അനുദിനം അവിടുത്തോട് ചേർന്നു നിന്നുകൊണ്ട് വിശുദ്ധിയിൽ വളർന്നുവരുവാനുള്ള കൃപ ഞങ്ങൾക്ക് നൽകുവാൻ അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി.




വിചാരണ

# മതങ്ങൾക്കു മദമിളകിയാൽ

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**


വ്യത്യസ്ത മതവിശ്വാസങ്ങൾ ഒരുപോലെ പടർന്നു പന്തലിച്ചിരിക്കുന്ന നമ്മുടെ രാജ്യം അടുത്ത കാലംവരെ ലോകത്തിനുതന്നെ മാതൃകയായിരുന്നു. ആത്മീയതയിൽ അടിസ്ഥാനമിട്ട ഒരു നാടെന്ന ഖ്യാതി ഭാരതത്തിനെന്നുമുണ്ടായിരുന്നു. ഭൗതികതയ്ക്കപ്പുറത്തുള്ള ആത്മീയയാഥാർത്ഥ്യങ്ങളുടെ പൊരുളന്വേഷിക്കുന്ന ഒരു ജീവിതശൈലി നമ്മുടെ നാടിനു സ്വന്തമായിരുന്നു. എന്നാൽ സമീപ കാലങ്ങളിലെ ചില സംഭവവികാസങ്ങൾ രാജ്യത്തിനുതന്നെ അപമാനമായിത്തീർന്നിരിക്കുകയാണ്. മതങ്ങൾക്കു ഭ്രാന്തുപിടിച്ച ഒരു കാലഘട്ടമാണിതെന്നു ചിന്തിക്കേണ്ടി വന്നിരിക്കുന്നു.

ഏതു മതത്തിന്റെയും അടിസ്ഥാന ജീവിതശൈലി രൂപീകരിക്കപ്പെടുന്നത് അവർ വിശ്വസിക്കുന്ന മതഗ്രന്ഥത്തിന്റെയും പാരമ്പര്യങ്ങളുടെയും വ്യാഖ്യാനങ്ങളിൽനിന്നാണ്. നൂറ്റാണ്ടുകൾക്കുമുമ്പേ രചിക്കപ്പെട്ട മതഗ്രന്ഥങ്ങളും രൂപപ്പെട്ട പാരമ്പര്യങ്ങളും ഇന്നത്തെ കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കപ്പെടുമ്പോഴാണ് അവ അർത്ഥമുള്ളതും ജീവിതത്തിന് മാർഗദർശകവുമായി മാറുന്നത്. അതാണ് മതപണ്ഡിതരുടെയും ആത്മീയനേതൃത്വങ്ങളുടെയും കടമയും. എന്നാൽ വ്യാഖ്യാനത്തിനുള്ള ഈ അധികാരം അവരിൽനിന്ന് ചില മതതീവ്രവാദികളുടെ ബുദ്ധി മരവിച്ച തലകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നുവോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ലക്കത്തിൽ ഇതേ പംക്തിയിൽ സൂചിപ്പിച്ചതുപോലെ വിശ്വാസികൾക്ക് ഓണാഘോഷം വിലക്കിയ ക്രിസ്ത്യാനികളും ഗോമാംസം ഭക്ഷിച്ചുവെന്നാരോപിച്ച് ഒരന്യമതസ്ഥനെ തല്ലിക്കൊന്ന ഹിന്ദുക്കളും പന്നിമാംസം വിളമ്പിയെന്നാരോപിച്ച് വിദ്യാലയത്തിൽ അതിക്രമം കാണിച്ച മുസ്ലീമുകളും ഈ സംശയത്തെ ബലപ്പെടുത്തുന്നു. വിവരവും പക്വതയുമുള്ള ആത്മീയനേതൃത്വങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

വിശ്വാസവും അതിന്റെ ആചാരങ്ങളും സ്വന്തം മതത്തിന്റെ മതിലിനകത്താണ് ആഘോഷിക്കപ്പെടേണ്ടത്. ചിലർക്ക് ചില മൃഗങ്ങൾ വിശുദ്ധവും മറ്റു ചിലർക്ക് ചില മൃഗങ്ങൾ അശുദ്ധവുമാണ്. പ്രസ്തുത മതാനുയായികൾക്ക് അതങ്ങനെതന്നെ ആയിരിക്കുകയും ചെയ്യട്ടെ. അതെത്രമാത്രം ദുർഗ്രഹമാണെങ്കിൽക്കൂടി അതവരുടെ വിശ്വാസാനുഷ്ഠാനത്തിന്റെ ഭാഗമായിത്തന്നെ പൊതുസമൂഹം കാണേണ്ടതുണ്ട്. എന്നാൽ പ്രസ്തുത മതവിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിലെ ഇതുപോലുള്ള ഘടകങ്ങളെ തങ്ങളുടെ മതത്തിന്റെ വേലിക്കെട്ടുകൾക്കു പുറത്തേക്ക് കൊണ്ടുവന്ന് അന്യമതവിശ്വാസികളും അവിശ്വാസികളുമുൾപ്പെടുന്ന പൊതുസമൂഹത്തിന്റെമേൽ അടിച്ചേല്പ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെ വിശേഷിപ്പിക്കാൻ നിഘണ്ടുവിൽ വാക്കുകളില്ല. ഗോമാംസം ഭക്ഷിച്ചുവെന്ന അരോപണത്തെത്തുടർന്നുണ്ടായ അക്രമവും അതിനോട് ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരുന്ന് ചിലർ നടത്തിയ പ്രതികരണങ്ങളും രാജ്യത്തിന്റെ ചുക്കാൻ പിടിക്കുന്നയാൾ പുലർത്തിയ നീണ്ട നിശബ്ദതയും നല്കുന്ന സൂചനകൾ അവഗണിക്കാൻ പാടില്ല. ഗോമാംസം ഭക്ഷിക്കുന്നവർ രാജ്യം വിട്ടുപോകണമെന്നും പശുക്കളെ കൊല്ലുന്നവരെ തൂക്കിക്കൊല്ലണമെന്നുമൊക്കെ പുലമ്പുന്നവർ ഇപ്പോഴും തങ്ങളുടെ കസേരകളിൽത്തന്നെ ഇരിക്കുന്നുവെന്നതാണ് നമ്മുടെ നാടിന്റെ ദുർവിധി.

അതുപോലെ, വിവരവും വിദ്യാഭ്യാസവും ആവോളമുണ്ടെന്നഭിമാനിക്കുന്ന ഈ കേരളത്തിൽപോലും ചിലയിടങ്ങളിൽ ചില മൃഗങ്ങളുടെ മാംസവില്പനയ്ക്ക് ചില മതഭ്രാന്തന്മാർ വിലക്കു കല്പിച്ചിരിക്കുന്നത് അറിയാത്തവരല്ല ഇവിടുത്തെ ഭരണാധികാരികളും നിയമപാലകരുമെന്നത് സംശയമില്ല. തൊട്ടാൽ കൈപൊള്ളുമെന്നു പേടിച്ച് ഇക്കാര്യത്തിൽ അവർ കൗശലപൂർവം മൗനം പാലിക്കുന്നു. മറ്റുള്ളവർ എന്തു ഭക്ഷിക്കണം എന്തു ഭക്ഷിക്കരുത് എന്നു തീരുമാനിക്കാനുള്ള അവകാശം ചില ഭ്രാന്തന്മാർ കൈയടക്കുന്നതു കണ്ടിട്ടും ഉത്തരവാദിത്വപ്പെട്ടവർ മൗനവ്രതത്തിലാണ്. എന്നാൽ ഈ വിഷവിത്തുകളെ മുളയിലെ നുള്ളിയില്ലെങ്കിൽ അതു നാടാകെ പടർന്ന് നന്മയുടെയും സഹവർത്തിത്വത്തിന്റെയും നാമ്പുകളെ നശിപ്പിച്ചുകളയുമെന്നത് നാം തിരിച്ചറിയണം. അതിനാൽ തീവ്രവാദത്തിന്റെ തിമിരം ബാധിക്കാത്ത മതപണ്ഡിതന്മാരും നട്ടെല്ലിനു ബലക്ഷയം സംഭവിക്കാത്ത ആത്മീയനേതൃത്വവും സ്വാർത്ഥതാല്പര്യങ്ങളില്ലാത്ത രാഷ്ട്രീയനേതാക്കന്മാരും സമൂഹത്തോടു പ്രതിബദ്ധതയുള്ള നിയമപാലകരും കൈകോർത്തു പ്രവർത്തിച്ച് ഈ വലിയ ആപത്തിനെ സമൂഹത്തിൽനിന്നു തുടച്ചുമാറ്റുവാൻ ഇടവരട്ടെ.





RNI: KERMAL/2014/59983 PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly) Registered: KL/KTM/72/2015-17
Published on 24th October 2015
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"സീനാമലമുകളിൽ
താതൻ തിരുസഭതൻ
ചിത്രം നല്കിലേ?
യോർദാനിൽ തൻസ്നാനത്താൽ
പുത്രൻ സഭയെ വധുവാക്കി
സെഹിയോനിൽ വച്ചൊരുനാളിൽ
റൂഹാശുദ്ധിയവൾക്കേകി;
ത്രിത്വത്തെ-വാഴ്ത്തിപ്പാടീടാം"
(പള്ളിക്കൂദാശക്കാലം, ചൊവ്വ-റംശ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal